ST. GEORGE FORANE CHURCH, EDAPPALLY

# സഹദാ

PARISH BULLETIN

ജനുവരി - മാർച്ച് 2023 Vol. 18, Issue1









## ബെനഡിക്റ്റ് 16-ാമൻ മാർപാപ്പയ്ക്ക് ഹൃദയാഞ്ജലികൾ




**VSTAR EXCLUSIVE BRAND OUTLET**

Pynadath Square, Metro Pillar No. 449, Near Changampuzha Park
Edappally, Kochi - 682024. Ph.: 0484-3559352





സ്നേഹം നിറഞ്ഞവരെ,

എല്ലാവർക്കും പുതുവത്സരത്തിന്റെ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു. 2023 ദൈവാനുഗ്രഹങ്ങളുടെ വർഷമായിരിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഒരു മഹാമാരിയുടെ ഭയപ്പാടിൽ നിന്നും മുക്തി നേടി പ്രതീക്ഷയുടെ പുത്തൻ പുലരിയിലേക്ക് നമ്മൾ നടന്നടുക്കുകയാണ്. തമ്പുരാന്റെ കരം പിടിച്ചും അവിടുത്തെ പരിപാലനയിൽ ആശ്രയിച്ചും നീട്ടിക്കിട്ടിയ ജീവിതത്തിന്റെ ഉത്തരവാദിത്വം നന്മ നിറഞ്ഞ ജീവിതത്തിലൂടെ പൂർത്തീകരിക്കുവാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വളരെ സങ്കീർണമായ ഒരു കാലഘട്ടത്തിലൂടെയാണ് സഭയും സമൂഹവും കടന്നുപോവുക. പ്രതിസന്ധികൾ ഏറെയുണ്ട്. നാം പ്രതീക്ഷയർപ്പിച്ച ചില പ്രകാശഗോപുരങ്ങൾ അണഞ്ഞു പോകുന്നതായോ കൈ ചൂണ്ടികൾ തെറ്റായ ദിശാബോധം കാണിക്കുന്നതായോ അനുഭവപ്പെടുന്ന വളരെ സങ്കീർണമായഒരു ദിശാസന്ധിയിലാണ് നാം. നമ്മുടെ രക്ഷകനായ ഈശോയെ ലക്ഷ്യം വെച്ച് യാത്ര ചെയ്യുമ്പോൾ ദീപസ്തംഭങ്ങൾ അണഞ്ഞു പോയാലും കൈ ചൂണ്ടികൾ തെറ്റായ ദിശയിലേക്ക് നയിക്കുന്നു എന്ന് തോന്നിയാലും ഈശോയിൽ മിഴി നട്ട് ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുവാൻ നമുക്ക് കഴിയണം.എന്റെ ജീവിതയാത്രയിലെ ദിശാ വ്യതിയാനങ്ങൾക്ക് മറ്റൊരാളെ കുറ്റപ്പെടുത്തുന്നത് ശരിയായ ജീവിതശൈലി അല്ല. പ്രത്യേകിച്ചും വിശ്വാസ ജീവിത വഴികളിൽ വളരെ വ്യക്തമായ ദിശാബോധം സഭ നമുക്ക് നൽകിയിട്ടുണ്ട്. പ്രാർത്ഥനയിൽ അഭയം കണ്ടെത്തിയും മറ്റുള്ളവരെ നമ്മുടെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്തിയും സഭാഗാത്രത്തോട് നമുക്ക് ചേർന്നുനിൽക്കാം.

പുതിയ വത്സരത്തിൽ സാമൂഹ്യമായി നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി യുവജനങ്ങളുടെയും കുട്ടികളുടെയും ഇടയിലെ മയക്കുമരുന്നിന്റെ വ്യാപകമായ ഉപയോഗമാണ്. ഒരു തലമുറയെ മുഴുവൻ ഗ്രസിക്കുന്ന രീതിയിൽ മയക്കുമരുന്നിന്റെ നീരാളിപ്പിടുത്തം വളരെ വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്.അതിന്റെ ചതിക്കുഴികളിൽ അപ്രതീക്ഷിതമായി നമ്മുടെ കുഞ്ഞുങ്ങളും വീണുപോകുന്ന ദുരന്തവാർത്തകൾ നമുക്ക് ചുറ്റും സംഭവിക്കുന്നത് നമ്മൾ തിരിച്ചറിയുന്നു. എന്റെ കുഞ്ഞിന് സംഭവിച്ചില്ലല്ലോ എന്നുള്ള ആശ്വാസത്തിന്റെ കാലങ്ങൾ കഴിഞ്ഞു എന്നും ഒരു പക്ഷേ എന്റെ കുഞ്ഞും ഇതിൽ പെട്ടുപോയിട്ടുണ്ടോ എന്ന ആശങ്ക എന്നെയും വേട്ടയാടുന്നു എന്നും മനസ്സിലാക്കുമ്പോഴാണ് ഇതിന്റെ ഗൗരവം അതിന്റെ എല്ലാ അർത്ഥത്തിലും നമ്മളും ഉൾക്കൊള്ളുക.നമ്മുടെ മക്കളുടെ സൗഹൃദ വലയങ്ങൾ സുരക്ഷിതമാക്കിയും അവരുടെവിശ്വാസം ആർജിക്കുന്ന രീതിയിൽ മനസ്സ് തുറക്കുവാനുള്ള ഒരു കുടുംബാന്തരീക്ഷം രൂപപ്പെടുത്തിയും മാതാപിതാക്കളാണ് ഏറ്റവും നല്ല സുഹൃത്തുക്കൾ എന്ന ബോധ്യത്തിലേക്ക് അവരെ വളർത്തുവാൻ ഏവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു

ഒരിക്കൽ കൂടെ പുതുവത്സരത്തിന്റെ മംഗളങ്ങൾ ഏവർക്കും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.


സ്നേഹത്തോടെ വികാരിയച്ചൻ

**ഫാ. ആന്റണി മടത്തുംപടി**

# സഹദാ

പാരിഷ് ബുള്ളറ്റിൻ

ജനുവരി-മാർച്ച് 2023
Vol. 18, Issue 1




സെന്റ് ജോർജ്ജ് ഫൊറോന ചർച്ച്
ഇടപ്പള്ളി, കൊച്ചി - 682 024

Ph: 0484 234 4538
edappallyvicar@gmail.com
Website: www.stgeorgeforanechurchedappally.org/
parishbullettinsahada@gmail.com

**രക്ഷാധികാരി**
റവ. ഫാ. ആന്റണി മടത്തുംപടി

**ചീഫ് എഡിറ്റർ**
ഫാ. ജോൺ പോൾ തെറ്റയിൽ

**അസോസിയേറ്റ് എഡിറ്റർ**
ഫാ. സിന്റോ ചീരകത്തിൽ

**എഡിറ്റോറിയൽ ബോർഡ്**
ആന്റണി പരവര, വൈസ് ചെയർമാൻ
ജോർജ് കാട്ടിത്തറ, ജനറൽ സെക്രട്ടറി
ബിജു കല്ലുങ്കൽ, ട്രഷറർ

ജേക്കബ് പൈനുതറ
ഹോളി ജോർജ് തെറ്റയിൽ
ജെയിംസ് പുത്തൻപുരയ്ക്കൽ
ജോൺസൺ കല്ലറയ്ക്കൽ
സെബാസ്റ്റ്യൻ മടേക്കൽ
ഷെറിൽ തോംസൺ കാഞ്ഞിരക്കാടൻ
സുനിൽ കുമാർ ജോൺ എരിഞ്ഞേരി
തോമസ് ഡൊമനിക് കടംതോട്
വർഗ്ഗീസ് പൗലോ ഉപ്പൻ
വിനു വർഗ്ഗീസ് പുത്തൻവീട്ടിൽ

**പള്ളി ഓഫീസ് സ്റ്റാഫ്**
ജനനം, മരണം, മാമ്മോദീസ, വിവാഹം തിയതികൾ

**ഉപദേശകസമിതി**
ജോർജ് ജേക്കബ് കണ്ണാതറ
ജോയി അമ്പാട്ട്

**മുദ്രണം & രൂപഭംഗി**
ഡോൺ ബോസ്കോ ഇഗാക്റ്റ്
വെണ്ണല, കൊച്ചി - 28
ഫോൺ: 0484 280 6411
mail@dbigact.com

ഇടയമൊഴി........03
വിശുദ്ധ ഔസേപ്പ് പകരം വയ്ക്കാനാവാത്ത നല്ല അപ്പൻ........05
സമോവാ........06
അനുഗ്രഹമായി മാറുക........07
അന്ധവിശ്വാസത്തിലേക്ക് നടന്നു നീങ്ങരുതേ........08
കൊമ്പ്രേര്യ അഥവാ ദർശന സമൂഹം........09
ഉണ്ണി പിറക്കുമ്പോൾ........10
ബൈബിളിൽ മൂന്നിന്റെ പ്രാധാന്യം........19
മനുഷ്യനോ........21
Jesus my Saviour........21
വികസന പന്ഥാവിലൂടെ........22
പുൽക്കൂട്ടിലൊരു പൊന്നുണ്ണി........33
കരിസ്മാറ്റിക് നവീകരണ വാർത്തകൾ........34
പിതാവിന്റെ പക്കലേക്ക്........34
ഫാമിലി യൂണിറ്റ് മീറ്റിംഗുകൾ........35
ഈശോ........36
സി.എൽ.സി. വാർത്തകൾ........37
മതബോധന വാർത്തകൾ........47
ഞങ്ങൾ വരവായി........47
വിമെൻ വെൽഫയർ സർവ്വീസസ്........48
യൂദിത്ത് ഫോറം........48
ഞങ്ങൾ ഒന്നായി........49
മിഷൻലീഗ് വാർത്തകൾ........50
യൂണിറ്റ് വാർഷികങ്ങൾ........51
മാതാപിതാക്കളെ ഇതിലേ ഇതിലേ........54



# വിശുദ്ധ ഔസേപ്പ്: പകരം വയ്ക്കാനാവാത്ത നല്ല അപ്പൻ



ഫാ. ജോൺ പോൾ തെറ്റയിൽ

ദൈവം വിശ്വസിച്ച ഒരുപാട് മനുഷ്യരെ നാം വിശുദ്ധ ഗ്രന്ഥത്തിൽ ഉടനീളം കാണുന്നുണ്ട്. എന്നാൽ ദൈവം ഒരുപാട് വിശ്വസിച്ച ഒരു കുടുംബമാണ് തിരുകുടുംബം എന്നത്. തന്റെ പ്രിയപ്പെട്ടവളെയും കുഞ്ഞിന്റെയും സംരക്ഷണം ദൈവം ഭരമേൽപ്പിച്ച വിശുദ്ധനായ അപ്പൻ. വിശുദ്ധ യൗസേപ്പിതാവിന്റെ തണലിൽ ആയിരുന്നു തിരു കുടുംബം വളർന്നത്.

ലോക ദൈവവിളി ദിനത്തിൽ ഫ്രാൻസിസ് മാർ പാപ്പ തന്റെ പ്രസംഗത്തിൽ മാതൃകയായിട്ട് തെരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടത് വിശുദ്ധ യൗസേപ്പിതാവിനായിരുന്നു. അതിനുള്ള കാരണം എന്ന് പറയുന്നത് യൗസേപ്പിന്റെ  ജീവിതത്തിൽ നിന്ന് മൂന്നു കാര്യങ്ങൾ ആയിരുന്നു. സ്വപ്നം, ശുശ്രൂഷ, വിശ്വസ്തത. തന്റെ ജീവിതത്തിൽ ദൈവസ്വപ്നങ്ങൾക്ക് അനുസരിച്ച് ജീവിച്ച് സ്വപ്നങ്ങളെ  ശുശ്രൂഷയുടെ മേഖലയായി തിരഞ്ഞെടുത്ത് ആ ശുശ്രൂഷ മേഖലയിൽ വിശ്വസ്തതയോടുകൂടി  ജീവിക്കാൻ വിശുദ്ധ യൗസേപ്പിതാവിന് സാധിച്ചു.

വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതത്തിലെ ഈ മൂന്നു കാര്യങ്ങളും നമ്മുടെ ജീവിതത്തിൽ ഉപയോഗപ്രദമാക്കുന്നത് നല്ലതാണ്. നമ്മൾ ഓരോരുത്തരും ദൈവത്തിന്റെ സ്വപ്നങ്ങൾക്ക് അനുസരിച്ച് ജീവിച്ച് ദൈവം എന്റെ കരങ്ങളിൽ ഭരമേൽപ്പിച്ച എന്റെ കുടുംബത്തോടൊപ്പം വിശ്വസ്തപൂർവ്വം ജീവിക്കാനായി സാധിക്കണം.

ഇന്ന് കുടുംബവും പിതൃത്വവും വളരെ വെല്ലുവിളികൾ നേരിടുന്ന കാലഘട്ടത്തിൽ നമ്മുടെ കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും നല്ല അപ്പന്മാർ ആകാൻ വിശുദ്ധ യൗസേപ്പിതാവിന്റെ സവിശേഷമായ മാതൃക സ്വന്തമാക്കുകയും വേണം.

തിരുസഭയിൽ വിശുദ്ധ ഔസേപ്പിതാവിനോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് ശ്രദ്ധ ചെലുത്തിയ അവിലായിലെ അമ്മ ത്രേസ്യ പറയുന്നുണ്ട്: 'ചില അവസരങ്ങളിൽ നമ്മൾ വിശുദ്ധരുടെ മധ്യസ്ഥത തേടുമ്പോൾ കാലതാമസം വരുന്നു. എന്നാൽ വിശുദ്ധ യൗസേപ്പിതാവിന്റെ കാര്യത്തിൽ അങ്ങനെയല്ല, നല്ല പിതാവേ?

ഒരർത്ഥത്തിൽ പറഞ്ഞാൽ വിശുദ്ധ യൗസേപ്പിതാവ് നല്ലൊരു അധ്യാപകനും കൂടിയായിരുന്നു. ജീവിതത്തിലെ ഓരോ പ്രധാനപ്പെട്ട കാര്യങ്ങളും യേശുവിനെ പഠിപ്പിച്ചതും സംസാരിക്കാനും നടക്കാനും പഠിപ്പിച്ചതും മരപ്പണി യേശുവിനെ പഠിപ്പിച്ചപ്പോൾ അധ്വാനത്തിന്റെ വില മനസ്സിലാക്കി കൊടുത്ത വളർത്തപ്പൻ. രണ്ടാമത്തെ വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചതുപോലെ വിശ്വാസ കാര്യങ്ങളിൽ മക്കളുടെ പ്രഥമ അധ്യാപകർ മാതാപിതാക്കൾ തന്നെയാണ്. അതുകൊണ്ട് തന്നെ വിശുദ്ധ യൗസേപ്പിതാവ് ഒരു നല്ല അപ്പനും നല്ല അധ്യാപകനും കൂടിയായിരുന്നു.

സുവിശേഷത്തിൽ തിരുകുടുംബത്തിന്റെ ഈജിപ്തിലേക്കുള്ള പലായനം ചുരുങ്ങിയ വാക്കുകളിൽ ഒതുങ്ങുമ്പോൾ ഒന്ന് ചിന്തിച്ചാൽ അറിയാം അവർ സമ്പാദിച്ചവയും പ്രിയപ്പെട്ടവരെയും ഉപേക്ഷിച്ചു പോകുമ്പോഴുള്ള അവരുടെ വേദന എത്രത്തോളം ഉണ്ടെന്ന്. പക്ഷേ അതെല്ലാം ദൈവത്തിന്റെ പദ്ധതിയാണെന്ന് മനസ്സിലാക്കി സ്നേഹിച്ചു. ലോകരക്ഷകനായ ഈശോയെപ്രതി.

ഇന്ന് കുടുംബബന്ധങ്ങൾ തകരുമ്പോഴും, വിവാഹമോചനത്തിന്റെ വക്കിൽ എത്തി നിൽക്കുമ്പോഴും, കുഞ്ഞുങ്ങളെ ഉപേക്ഷിക്കുമ്പോഴും, നമ്മൾ ഓർത്തു പഠിക്കേണ്ട ഒരു കുടുംബം തന്നെയാണ് തിരുകുടുംബമെന്നത് . ഓരോ ജീവിതാവസ്ഥയ്ക്കും അതിന്റേതായ ബുദ്ധിമുട്ടുകൾ ഉണ്ട്. ഒരു ജീവിതാവസ്ഥയും സുഖകരമല്ല എന്നൊരു തിരിച്ചറിവ് നമുക്കുണ്ടാകണം.

വിശുദ്ധ യൗസേപ്പിതാവിന്റെ പ്രത്യേകതയാണ് കുറ്റപ്പെടുത്തലുകൾക്കും പരാതികൾക്കും ഇടം കൊടുക്കാത്ത മനുഷ്യൻ. തന്റെ നാടും വീടും ഉപേക്ഷിച്ചു തന്നോടൊപ്പം ഇറങ്ങിപ്പോന്ന മറിയത്തെ ജോസഫ് കുറ്റപ്പെടുത്തിയിരുന്നില്ല . ഒരു സത്രത്തിൽ ഇടം ലഭിക്കാതിരുന്നപ്പോൾ പോലും അസ്വസ്ഥനായി മാറിയില്ല. കാരണം വിശുദ്ധ ഔസേപ്പിതാവ് ദൈവത്തിന്റെ സ്വപ്നങ്ങളിൽ വിശ്വസിച്ചിരുന്നു. വിശുദ്ധന്റെ ജീവിത മാതൃക നമുക്ക് സഹായകമാകട്ടെ. നമ്മുടെ കുടുംബങ്ങളെ സ്നേഹിക്കാനും സംരക്ഷിക്കാനും ദൈവത്തിന്റെ സ്വപ്നങ്ങൾക്ക് അനുസരിച്ച് ജീവിക്കാൻ ആയിട്ട് നമുക്ക് കഴിയട്ടെ .

# സമോവാ



**ഫാ. സിന്റോ ചീരകത്തിൽ**
സഹവികാരി

ഒരേ പേരിലുള്ള രണ്ട് സ്ഥലങ്ങൾ - ഇവ തമ്മിലുള്ള ദൂരമാണെങ്കിൽ വെറും 80 km മാത്രമേ ഉള്ളൂ പക്ഷേ രണ്ടിടത്തെയും സമയം തമ്മിൽ 25 മണിക്കൂർ വ്യത്യാസം ഉണ്ട്. കഴിഞ്ഞ വർഷം പുതുവത്സരം ആദ്യം എത്തിയതും അവസാനം എത്തിയതും ഈ രണ്ടിടത്താണ്. സമോവാ (samoa) എന്നാണ് രണ്ട് സ്ഥലങ്ങളുടെയും പേര്. ആദ്യത്തേത് ആണെങ്കിൽ തെക്കൻ പസഫിക് സമുദ്രത്തിൽ ഓസ്ട്രേലിയായും, ന്യൂസ്ലാന്റിനും അടുത്തായിട്ടുള്ള സമോവാദ്വീപ്. രണ്ടാമത്തേത് ആണെങ്കിൽ അമേരിക്കൻ നിയന്ത്രണത്തിലുള്ള സമോവാ എന്ന സ്ഥലവും. ഇനി പറയാൻ പോകുന്നത് കഥ ഒന്നും അല്ല; ചരിത്രമാണ്. തിരുത്തണം എന്ന് കരുതി പ്രവർത്തിച്ചാൽ സമയവും കീഴടങ്ങുമെന്ന് തെളിയിച്ച ചരിത്രം. ലോകത്തിൽ അസാധ്യമെന്ന് കരുതിയ എന്തിനെയെങ്കിലും മാറ്റി മറിക്കുവാൻ നമുക്ക് കഴിയുമോ? അസാധ്യമാകുന്നതിനെ സാധ്യമാക്കുക, എന്നത് ചെറിയ കാര്യമൊന്നുമല്ല. അങ്ങനെ നടന്നാൽ അത് നമ്മളെ കൊണ്ട് എത്തിക്കുന്നത് ലോകത്തിന്റെ നെറുകയിലായിരിക്കും. ലോകത്തിൽ എല്ലായിടത്തും ഒരേ സമയത്ത് ഒന്നുമല്ല പുതുവത്സരം കടന്ന് വരുന്നത്. സമോവ ദ്വീപിൽ Dec 31 വൈകുന്നേരം പുതുവത്സരം എത്തുമ്പോൾ മറ്റൊരു ഭാഗത്ത് ജനുവരി 1 വൈകുന്നേരമാണ് ന്യൂ ഇയർ എത്തുന്നത്. 2011 വരെ പുതുവത്സരം അവസാനം എത്തിയിരുന്ന സ്ഥലമായിരുന്നു സമോവ ദ്വീപ് എന്നാൽ ഓസ്ട്രേലിയയും ന്യൂസിലന്റുമായി കച്ചവടം നടത്തുന്ന സമോവ ദ്വീപിന് വൈകി പുതുവത്സരം ആഘോഷിക്കുന്നതു കാരണം വലിയ കച്ചവട നഷ്ടമാണ് ഉണ്ടായിരുന്നത്.

ഇതിനു പരിഹാരം കാണുവാൻ തീരുമാനിച്ച സമോവ ദ്വീപിന് മുമ്പിൽ ഉള്ള ഒരേ ഒരു വഴി തങ്ങളുടെ കലണ്ടറിൽ നിന്ന് ഒരു ദിവസം വെട്ടി കളയുക എന്നതാണ്. ഒരു ദിവസം ഇല്ലാതാക്കുക എന്ന അസാധ്യമായി കാര്യം സമോവക്കാർ ഏറ്റെടുത്തു. അങ്ങനെ 2011 Dec 30 വെള്ളിയാഴ്ച തങ്ങളുടെ കലണ്ടറിൽ നിന്ന് ജീവിതത്തിൽ നിന്നു തന്നെ ഒഴിവാക്കി. 2011 Dec 29 വ്യാഴാഴ്ച അർദ്ധരാത്രി കഴിഞ്ഞ് അവർ നേരെ 2011 Dec 31 ശനിയാഴ്ചയിലേക്ക് പ്രവേശിച്ചു. അതോടുകൂടി അവർ 25 മണിക്കൂർ മുന്നിലേക്ക് സഞ്ചരിച്ചു. 2012 മുതൽ ലോകത്തിൽ ആദ്യം പുതുവത്സരം ആഘോഷിക്കുന്നത് സമോവ ദ്വീപാണ്. എന്നാൽ ഇപ്പോഴും അമേരിക്കയുടെ അധീനതയിലുള്ള സമോവ എന്ന സ്ഥലത്താണ് ലോകത്ത് അവസാനം പുതുവത്സരം ആഘോഷിക്കുന്നത്. ഓരോ വർഷവും ഭൂരിഭാഗം മനുഷ്യരും പുതുവത്സരത്തെ വരവേൽക്കുന്നത് പുതിയ പ്രതീക്ഷകളും പുതിയ തീരുമാനങ്ങളും പങ്കുവെച്ചുകൊണ്ടാണ്. ഭൂരിഭാഗം പേരും തീരുമാനങ്ങളിൽ നിന്നും ഒളിച്ചോടി പഴയപടി ജീവിക്കുകയും അടുത്ത പുതുവത്സരത്തിലും സമാനഗതിയിൽ സഞ്ചരിക്കുകയൊക്കെ ചെയ്യും. ലഹരികളുടെ അടിമകളായി മാറി കഴിഞ്ഞ വലിയൊരു വിഭാഗം നമ്മുടെ സമൂഹത്തിലുണ്ട്. വൈരാഗ്യവും വാശിയുമാണ് ജീവിതമെന്ന് കരുതുന്നവരും നിരവധിയുണ്ട്. തോറ്റുപോകുമെന്ന് ഭയന്ന് ജീവിതം വലിച്ചെറിയുന്നവരും, കൈവിട്ടുപോകുമെന്ന് കരുതി ജീവനോളം സ്നേഹിക്കുന്നവരെ കൊന്നു തീർക്കുന്നവരും ധാരാളം ഉണ്ട്. ഈ സഹനം, ക്ഷമ ഇവയൊക്കെ ഇന്ന് കേവലം വാക്കുകൾ മാത്രമായി മാറി. ഒരു വട്ടം ഒന്ന് സഹിച്ചാൽ, ഒന്ന് ക്ഷമിച്ചാൽ തീരുന്നതിനെ ചോരകൊണ്ട് തീർക്കുന്ന കണക്കുകളായി മാറ്റുകയാണ്. മണ്ണിനെയും ചെടികളെയും പൂക്കളെയും സകലജീവജാലങ്ങളെയും ചേർത്ത് പിടിച്ച് സംരക്ഷിക്കാൻ അതിനു കെല്പുള്ള മനുഷ്യൻ ഇന്ന് ഭൂമിയുടെ അന്തകരായി മാറുകയാണ്. വിനാശകരമായി ആയുധങ്ങളുമായി കൂടപ്പിറപ്പുകളെ കൊന്നൊടുക്കുന്നവൻ, ലാബുകളിൽ നിർമ്മിക്കുന്ന രോഗാണുക്കളെ തുറന്ന് വിട്ട് മനുഷ്യരാശിയെ ഭയപ്പെടുത്തി കച്ചവടം പൊലിപ്പിക്കുന്നവൻ, തലച്ചോറിനെ കീഴടക്കുന്ന ലഹരി മരുന്നുകൾ വിറ്റ് തലമുറകളെ ഉൻമൂലനം ചെയ്യുന്നവൻ.

എങ്ങോട്ടാ ഈ പോക്ക്? അവനവനിലേക്ക് ചുരുങ്ങിയ മനുഷ്യൻ സ്വയം തിരിച്ചറിയാതെ അവസാനിച്ചു പോകുന്ന ദയനീയ കാഴ്ചയാണ് സഹതാപകരം. ഉൾവലിഞ്ഞ മനുഷ്യരെ സമൂഹമാക്കി മാറ്റുകയെന്നതാണ് പുതിയ ലോകത്തിന്റെ സൃഷ്ടിക്ക് ആവശ്യം. ഈ കുടിയിരിക്കുന്നതിന്റെ ഇമ്പം എന്താണെന്ന് മനുഷ്യരെ പരിശീലിപ്പിക്കണം. പിടിച്ച് വാങ്ങാനുള്ളതല്ല അറിഞ്ഞ് നല്കുവാനുള്ളതാണെന്നേ സ്നേഹം. ആ ബോധ്യം ഉണ്ടാക്കിയെടുക്കണം. നമ്മുക്ക് ഓരോരുത്തർക്കും സമോവായെ പാഠമാക്കാം. ഒരു ദിവസം ഇല്ലാതാക്കി ലോകത്തിന്റെ മുമ്പിലെത്തുവാൻ ഒരു രാജ്യത്തിന് കഴിഞ്ഞുവെങ്കിൽ ഗുണമില്ലാത്തതു ചിലതെല്ലാം ഒഴിവാക്കി നല്ല മനുഷ്യരാവാൻ നമ്മുക്ക് എല്ലാവർക്കും കഴിയും. നന്മയുള്ള ഒരു പുതിയ വർഷം ആശംസിക്കുന്നു.

# അനുഗ്രഹമായി മാറുക



**ഡീക്കൻ ഷിബിൻ**
മുളവരിക്കൽ

നമ്മുടെ ഓരോരുത്തരുടെയും ജീവിതം മുന്നോട്ട് പോകുമ്പോൾ നാം ചിന്തിക്കണം എത്ര മാത്രം അനുഗ്ര ഹങ്ങൾ ആണ് നമ്മുടെ ജീവിതത്തിൽ തന്നിട്ടുള്ളത്.

ഒരിക്കൽ ജയിലിൽ അടയ്ക്കപ്പെട്ട തന്റെ മകനെ കാണുവാൻ അമ്മ പോയി. ആ മകനെ കണ്ടപ്പോൾ ആ അമ്മ വളരെയധികം വിഷമിച്ചു. ഒത്തിരി നേരം കരഞ്ഞു. എന്നിട്ട് ആ മകനോട് പറഞ്ഞു. എന്റെ മകനെ എന്നാണ് നീ എനിക്ക് ഒരു അനുഗ്രഹം ആയി മാറുക. When are you going to be a blessing. ഈ പുതുവർഷത്തിലൂടെ നാം കടന്ന് പോയികൊണ്ടിരി ക്കുമ്പോൾ ഈ ഒരു ചോദ്യം നല്ലതാണ്. When I am going to be a blessing മറ്റുള്ളവർക്ക് ഒരു അനുഗ്രഹം ആയി മാറുവാൻ ആയി നമുക്ക് പരിശ്രമിക്കാം.

അത് എങ്ങനെയാണ് സാധ്യമാക്കുന്നത്. അതി നുള്ള ഉത്തരം നിന്റെ കൂടെയുള്ളവരെ സ്നേഹി ക്കാനും ചേർത്ത് പിടിക്കാനും സാധിക്കുമ്പോൾ നാം മറ്റുള്ളവർക്ക് ഒരു അനുഗ്രഹം ആയി മാറുന്നു. മറ്റുള്ള വരുടെ തകർച്ചയിലും, വേദനയിലും കൂടെ നടക്കുന്ന വരായി മാറണം, അനുഗ്രഹം ആയി മാറണം. നമ്മുടെ കുടുംബത്തിൽ, നമ്മുടെ ഇടവകയിൽ നമ്മുടെ സമൂഹ ത്തിൽ എല്ലാം അനുഗ്രഹമായി മാറണം.

ഉത്പത്തി പുസ്തകത്തിന്റെ ആരംഭത്തിൽ രസ കരവും എന്നാൽ പ്രാധാന്യമർഹിക്കുന്നതുമായ ഒരു സംഭവം വിവരിക്കുന്നുണ്ട്. ആദിമമാതാപിതാക്കളായ ആദവും ഹവ്വയും നന്മതിന്മകളുടെ അറിവിന്റെ വൃക്ഷ ത്തിന്റെ ഫലം തിന്നരുത് എന്ന് ദൈവം നിർദ്ദേശിച്ച കാര്യം വിസ്മരിച്ചു.

എന്നാൽ ഈ കല്പന ലംഘനത്തിനുശേഷം ദൈവം ആദത്തെ അന്വേഷിച്ചിറങ്ങുന്നതായി ഉത്പത്തി 3:9-ൽ പറയുന്നു. തുടർന്ന് ഉത്പത്തി 3:15-ൽ പാപി കൾക്ക് രക്ഷകനെ വാഗ്ദാനം ചെയ്യുന്നുണ്ട്. ഈ വാഗ്ദാനമാണ് യേശുവിൽ പൂർത്തികരിക്കപ്പെട്ടത്. എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചു പോകാതിരിക്കുന്നതിനു വേണ്ടി തന്റെ ഏക ജാതനെ നല്കുവാൻ തക്കവിധം ദൈവം ഈ ലോകത്തെ അത്രയധികമായി സ്നേഹിച്ചു എന്ന് യോഹന്നാൻ പറയുന്നതിന്റെ കാരണമിതാണ് (3:16)

തെറ്റു പറ്റുന്നത് സ്വാഭാവികമാണ്. തെറ്റ് മനസ്സി ലാക്കി തിരിച്ച് വന്ന് സ്നേഹം ആകുമ്പോൾ ആണ് നാം മറ്റുള്ളവരെ ചേർത്ത് പിടിയ്ക്കുന്നത്. കാരണം നമുക്ക് വേണ്ടി കാത്തിരിക്കുന്ന ഒരു ദൈവം നമുക്ക് ഉണ്ട്. അതുകൊണ്ട് ആണ് വെളിപാടിന്റെ പുസ്തകം 3:20 വാക്യത്തിൽ നാം കാണുന്നത്. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും. ദൈവം നമ്മുടെ ഹൃദയമാ കുന്ന വാതിലിൽ മുട്ടുന്നുണ്ട്. നമ്മുടെ ഹൃദയങ്ങളെ നമുക്ക് തുറന്ന് കൊടുത്ത് നമുക്ക് ഈശോയെ സ്വീക രിക്കാം. ഈശോ നമ്മുടെ ജീവിതത്തിൽ കടന്നു വരു മ്പോൾ മറ്റുള്ളവരെ സ്നേഹിക്കാനും മറ്റുള്ളവർക്ക് അനുഗ്രഹമായി മാറാനും സാധിക്കും.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.





വൈസ് ചെയർമാൻ എഴുതുന്നു

# അന്ധവിശ്വാസത്തിലേക്ക് നടന്നു നീങ്ങരുതേ

പ്രപഞ്ചം നിറഞ്ഞു നിൽക്കുന്ന മഹാശക്തിയായ ദൈവത്തെ മറന്ന് ചെറിയ പ്രലോഭനങ്ങൾ കൊണ്ട് അന്ധവിശ്വാസികളായ അധമൻമാർ വിദ്യാസമ്പന്നരുടെ മനസ്സ്പോലും കീഴടക്കുന്ന ദുരന്തമുഖത്താണ് ഈ കെട്ടകാലം കടന്നുപോകുന്നത്. കിരാതമായ നരബലിയും, ദുരാചാരങ്ങളും മന്ത്രവാദവും കൊണ്ട് കുറുക്കുവഴികളിലൂടെ പണം സമ്പാദിക്കാൻ വേണ്ടി പുതിയ അറിവുകൾ വിളമ്പി, സ്വന്തം ചിന്തകളുടെ തീജ്വാലയിൽ നിന്ന് പുറപ്പെടുവിക്കുന്നത് കാലങ്ങൾക്ക് മുൻപ് സമരങ്ങളിലൂടെ നവോത്ഥാന നായകന്മാർ ആട്ടി പുറത്താക്കിയ വ്യാജ ഭക്തി വീണ്ടും വ്യാപരിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ദുരയും, ദുർമോഹവും കൊണ്ടാണ്.

കപടഭക്തിയുടെ പാരമ്യതയിൽ അഷ്ടഗുണങ്ങളിലെ കരുണപോലും കച്ചവടമാക്കുന്നു. അപരദുഃഖം കാണാതെ പരിഗണിക്കാതെ വിഭാഗീതയുടെ വിത്തുകൾ പാകി നാം ഒന്നാണെന്ന് പറയുകയും ഒന്നല്ലാതെ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇങ്ങനെ പോയാൽ പുതിയ തലമുറ ആരെ വിശ്വസിക്കും. കിരാതമായ കർമ്മങ്ങളൊന്നും സ്വയം പ്രീതിക്കായി ആവശ്യപ്പെടുന്ന ദൈവം ഇല്ലെന്നും, സത്കർമ്മങ്ങളിലൂടെ മനുഷ്യരാശിയെ നയിക്കുന്ന അറിവിന്റെ പ്രതിരൂപമായി പൊതു മണ്ഡലത്തെ ആത്മനിവൃതിയിലൂടെ മഹാശക്തിയിലേക്കും, സമാധാനത്തിലേക്കും, മാനവ ചൈതന്യത്തോടെ ഇനിയും തലമുറകളെ നയിക്കാൻ പ്രകാശമായി മാറുന്ന ദൈവീക സാന്നിധ്യത്തിനായി പ്രവർത്തിക്കാം.

വിവേകപൂർണമായ വികാസം സഭയ്ക്ക് പകർന്നു തന്ന ദീപ്തമായ ഓർമകൾ അവശേഷിപ്പിച്ച് കാലം ചെയ്ത ബനഡിക്ട് 16-ാമൻ മാർപാപ്പയ്ക്ക് ഹൃദയാഞ്ജലി അർപ്പിക്കുന്നു. കടന്നു വരുന്ന സെന്റ് സെബാസ്റ്റ്യന്റെയും ഉണ്ണീശോയുടെയും തിരുനാൾ മംഗളങ്ങളും വി.യൗസേപിതാവിന്റെ മരണത്തിരുനാളിന്റെ പ്രാർത്ഥനാശംസകളും നേരുന്നു.

ഇടവകയും ആയി ബന്ധപ്പെട്ട് സെൻട്രൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജപമാല, കരോൾഗാന, പുൽക്കൂട് മത്സരങ്ങളിൽ പങ്കെടുത്തവർക്കും അതിനായി സഹകരിച്ചവർക്കും പ്രാർത്ഥനാമംഗളങ്ങളും പുതുവത്സരാശംസകളും നേരുന്നു.

എന്ന്
വൈസ് ചെയർമാൻ
**ആന്റണി പരവര**



# കൊമ്പ്രേര്യ അഥവാ ദർശന സമൂഹം

1767 ആണ്ടിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ കീഴിലായിരുന്ന ഇടപ്പള്ളി പള്ളി പ്രസ്തുത ഭരണകാലത്ത് ഇടപ്പള്ളി ഇടവകക്കാർ വിശുദ്ധ ഗീവർഗ്ഗീസിനോടുള്ള ഭയഭക്തിവിശ്വാസത്താൽ ഇടവകക്കാരുടെ നിരന്തരമായ അപേക്ഷയുടെ ഫലമായി 1864 മെയ് മാസം 7-ാം തീയതി വന്ദ്യ ലെയോർണാഡ് മെത്രാൻ വിശുദ്ധ ഗീവർഗ്ഗീന്റെ നാമത്തിൽ കൊമ്പ്രേര്യ (ദർശനസമൂഹം) എന്ന ഭക്ത സഖ്യം ഇവിടെ സ്ഥാപിക്കാനുള്ള അനുമതി നൽകുകയും 1869 മേയ് ഒന്നാം തീയതി അത് പൂർണ്ണമായ രൂപത്തിൽ പ്രാവർത്തികമാക്കുവാനും സാധിച്ചു. പൂർവ്വീകന്മാർ പകർന്നുതന്ന വിശ്വാസത്തോടും പാരമ്പര്യരീതിയോടും കൂടി ഇന്നും ദർശന സമൂഹം പ്രവർത്തിച്ചുപ്പോരുന്നു. ഇടപ്പള്ളി പള്ളിയിൽ നടക്കുന്ന എല്ലാ തിരുനാളുകൾക്കും വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ തുടക്കം മുതൽ അവസാനിക്കുന്നതുവരെയും ദർശന സമൂഹം വലിയ പങ്ക് വഹിച്ചു പോരുന്നു. തിരുനാൾ നടത്താൻ ആഗ്രഹിക്കുന്ന ഒരാൾ അനേകം വർഷത്തിന്റെ കാത്തിരിപ്പിനുശേഷമാണ് തിരുനാൾ നടത്താനുള്ള വലിയ ഭാഗ്യം ലഭിക്കുന്നത്. ദർശന സമൂഹത്തിൽ അംഗമാകുന്ന ആൾ മേശക്കാരൻ എന്ന തിരുനാൾ നടത്തുവാനുള്ള ആദ്യസ്ഥാനത്തേക്ക് പ്രവേശിക്കുന്നു.

തിരുനാൾ നടത്താൻ ആഗ്രഹിക്കുന്നവരുടെ അപേക്ഷയിൽ സീനീയോരിറ്റി അനുസരിച്ച് അടുത്ത സ്ഥാനമായി ഇസ്ക്രമാൻ എന്ന സ്ഥാനത്തേക്കും തുടർന്ന് മറ്റ് സ്ഥാനങ്ങളായ തെസിരേര് പ്രക്ദോർ എന്നീ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുത്ത് പ്രസുദേന്തി എന്ന വലിയ ഉത്തരവാദിത്വത്തിലേക്ക് പ്രവേശിക്കപ്പെടുന്നു. പഴയതലമുറ സ്വീകരിച്ചു പോന്നിരുന്ന ഈ രീതി അനുസരിച്ച് തന്നെയാണ് ഇപ്പോഴും ഇടപ്പള്ളി പള്ളിയിൽ പ്രസുദേന്തിയെ തിരഞ്ഞെടുക്കുന്നതും തിരുനാൾ നടത്തിപ്പോരുന്നതും. പുതിയ പ്രസുദേന്തിയെ തിരഞ്ഞെടുക്കുന്നത് വികാരിയച്ചനും ലൈത്തോര സമൂഹത്തിൽ നിന്ന് തിരഞ്ഞെടുത്ത പത്ത്പേർ ക്കൂടി ഒരു മീറ്റിങ്ങിലൂടെയായിരിക്കും. ഈ കൂട്ടായ്മയെ സന്തമേശ എന്നും മുൻകാലങ്ങളിൽ തിരുനാൾ നടത്തിയവരെ ലൈത്തോരന്മാർ എന്നും വിളിച്ചുപോരുന്നു. ദർശന സമൂഹത്തിന്റെയും തിരുനാൾക്കാര്യങ്ങൾ തീരുമാനിക്കുന്നതും വികാരിയച്ചനും ലൈത്തോരസമൂഹവും വലിയ പങ്ക് വഹിച്ചുപോരുന്നു. എല്ലാവർഷങ്ങളിലും മേയ് 25-30 തീയതികളിൽ ഇടവകക്കാരായ അംഗങ്ങളെ ദർശനസമൂഹത്തിലേക്ക് ചേർത്ത് പോരുന്നു. ആയിരത്തിമൂന്നുറോളം ദർശനക്കാർ ഉണ്ട് ഇടപ്പള്ളി ഇടവകയിൽ. ദർശന സമൂഹത്തിന്റെ കാര്യങ്ങൾ എല്ലാം ചെയ്യുന്നതും ദർശനക്കാരെ നിയന്ത്രിക്കുന്നതും ദർശന സമൂഹത്തിന്റെ ലീഡറായ ശെമ്മദോർ ആയിരിക്കും. 1949-ാം ആണ്ടിൽ പ്രസുദേന്തി കുരിക്കോട്ട് ഔസേപ്പ് വർക്കി മുതൽ 2023-ാം വർഷത്തിലെ പ്രസുദേന്തി ശ്രീ. ആന്റണി പരവര വരെ എത്തിനിൽക്കുന്നു. പുതിയ തലമുറയും പൂർവ്വീകന്മാർ പകർന്നു തന്ന വിശുദ്ധ ഗീവർഗ്ഗീസ് സഹദായോടുള്ള ഭയഭക്തി വിശ്വാസത്താൽ ഞങ്ങളെ വളർത്തണമേ എന്ന് നമുക്ക് വിശുദ്ധനോട് പ്രാർത്ഥിക്കാം.

ശെമ്മദോർ

**വിനു വർഗ്ഗീസ് പുത്തൻവീട്ടിൽ**

# ഉണ്ണിപിറക്കുമ്പോൾ

ഉണ്ണി പിറക്കുമ്പോൾ വിരിയുന്നൊരായിരം
നക്ഷത്രപൂക്കൾ
ഉയരുന്നൊരായിരം സുവർണ്ണ സ്വപ്നങ്ങൾ
കിനിയുന്നൊരായിരം കനിവിന്നുറവുകൾ
ഒഴിയുന്നൊരായിരം കണ്ണീർക്കണങ്ങൾ
നിറയുന്നു ശാന്തി തൻ മന്ത്രധ്വനികൾ
ഉണ്ണി പിറക്കുവാനിത്തിരിയിടം
ഉണ്ടാവട്ടെ ഹൃദയത്തിലെന്നുമുണ്ടാവട്ടെ
ഉണ്ണിപിറക്കുമ്പോളകലട്ടെ
അഴലുകൾ ,ആധികൾ, വ്യാധികൾ
പൊട്ടിവിരിയട്ടെ ആഹ്ലാദ പൂത്തിരികൾ
ആർദ്രത നിറയട്ടെ മാനസങ്ങളിലെന്നും

**റെറ്റി ജോസ്**
ചോലങ്കേരി ഹൗസ്
സെന്റ് തെരേസ യൂണിറ്റ്



# സ്വാഗതം



നമ്മുടെ ഇടവകയിൽ ശുശ്രൂഷയ്ക്കായി
വന്നിരിക്കുന്ന സ്നേഹം നിറഞ്ഞ
സി എസ് എസ് ആർ സഭാംഗമായ
## ഡീക്കൻ ഷിബിൻ മുളവരിക്കലിന്
സ്നേഹപൂർവ്വം സ്വാഗതം

# വർത്തമാനത്തിൽ ഭാവിയെക്കുറിച്ചാണോ ചിന്ത



## GODSPEED
IMMIGRATION & STUDY ABROAD PVT. LTD.

**STUDENT VISA | IMMIGRATION | IELTS**

***Affordable Study Abroad Visa Programs***

CANADA, UK, AUSTRALIA, NEW ZEALAND, GERMANY, IRELAND & MANY MORE

KOCHI | KOTTAYAM | CALICUT | BENGALURU | CANADA | AUSTRALIA

***Hassle Free Immigration***

For More Details
**080 6902 5000,+91 75919 66000**

Godspeed is Accredited By

Migration Agents Registration Authority MARA

CICC College of Immigration and Citizenship Consultants

CCIC Collège des consultants en immigration et en citoyenneté

# 10 YEARS OF FONDLY LOVE & SHINING MEMORIES



# MERCY JOSE


Panachipuram, Edappally
01-07-1951 to 09-01-2013

I loved you all, You love me a lot
You cared me well, I too cared you
I am carrying all those colourful memories
For my heavenly abode

*Your prayers and blessings are always with me, to be with Jesus for my eternal life*

Inserted by Jose P Philip & Family

# സ്നേഹസ്മരണയ്ക്ക്



# ആഗസ്തി തോമസ്

മണ്ടാക്കര, ഇടപ്പള്ളി

ജനനം: 26.08.1929 | മരണം: 11.12.2004


**MTS BUILDERS**

**ST. THOMAS**
**INTERLOCKING CEMENT TILES**



13/821/E, Mandakkara, Sahakarana Road
SRA - 45, Edappally, Ernakulam - 682 024
Email: mtsbuilders9@gmail.com

**Mob : +91 9895066991 | 7356266999**

# REMEMBER US IN YOUR PRAYERS



**THOMANKUTTY**
16.11.1921 - 28.09.1997

**ALIAKUTTY**
25.02.1923 - 13.01.2015

## KALLARACKAL

**വേർപിരിഞ്ഞോരെൻ മാതാപിതാക്കൾ 25ഉം 8ഉം വർഷങ്ങൾ പിന്നിട്ട്.**
**ഇന്നും മാർഗ്ഗദീപമായ് – സ്നേഹത്തോടെ . ജോൺസൺ കല്ലറയ്ക്കൽ**



06-10-1987 01-04-2013

*അകാലത്തിൽ പൊലിഞ്ഞോരെൻ*
*സ്നേഹ ദീപമേ നിനക്കൊരായിരം*
*കണ്ണീർ മുത്തവും പ്രാർത്ഥനയും*

## മൃദുല ജോൺസൺ

കല്ലറക്കൽ, മൃദുൽ നിവാസ്

**വേർപെട്ടുപോയ ഞങ്ങളുടെ പൊന്നോമന**
**സ്വർഗ്ഗത്തിൽ 10 വർഷങ്ങൾ. പ്രാർത്ഥനയോടെ**
**ജോൺസൺ കല്ലറയ്ക്കൽ**

# നാലാം ചരമവാർഷികം



## ഞാണക്കൽ ജോൺ വർഗ്ഗീസ്

(അനിയൻകുഞ്ഞ്)

ജനനം: 03.09.1955 | മരണം: 20.03.2019



# 40-ാം വിവാഹവാർഷികം

## സേവ്യർ പി.പി. & സലോമി

**പാട്ടുപറമ്പിൽ**
**(10.01.1983)**

## അഭിനന്ദനങ്ങൾ



നമുക്കുള്ള സമ്പത്ത് നമ്മുടേതല്ല, കർത്താവ് നമുക്ക് നൽകിയതാണ്. അവിടുത്തെ ഭരണത്തിൽ കീഴിൽ, വിശ്വാസത്തിൽ ഉപയോഗിക്കാൻ നൽകിയതാണ്. ദാനധർമം ചെയ്യുന്നതിൽ മടി കാണിക്കരുത്. പാവപ്പെട്ടവനിൽ നിന്നും മുഖം തിരിച്ചു കളയരുത്. അപ്പോൾ ദൈവം നിന്നിൽ നിന്ന് മുഖം തിരിക്കുകയില്ല. പരിശുദ്ധ ആത്മാവിന്റെ ഒരു ദാനം ഔദാര്യത്തോടെ നൽകുക എന്നതാണ്. (തോബിത്ത് 4:71), (റോമാ 12:8).

ഈ ബൈബിൾ വചനങ്ങളെ അന്വർത്ഥമാക്കി ജീവിക്കുന്ന കുടുംബം നമ്മുടെ ഇടവകയിലും ഉണ്ട്. രണ്ടര പതിറ്റാണ്ടിലേറെയുള്ള അധ്യാപനവൃത്തിക്കും നാലു വർഷത്തെ പ്രധാന അധ്യാപിക പദവിക്കും വിരാമമിട്ട് മെയ് 31- നു ആണ് റെറ്റി ടീച്ചർ ചേരാനല്ലൂർ ലിറ്റിൽ ഫ്ളവർ യു. പി. സ്കൂളിന്റെ പടിയിറങ്ങുന്നത്. അന്ന് നൽകിയ യാത്രയയപ്പ് യോഗത്തിൽ നിറഞ്ഞ സദസിനെ സാക്ഷിയാക്കി അവർ ഒരു വാക്ക് നൽകിയിരുന്നു. ഭൂമിയില്ലാത്ത നാലു കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയെന്ന സ്വപ്നം യഥാർഥ്യമാക്കുമെന്ന്. അത് പാലിക്കാനായി അഭിമാനത്തോടെ ടീച്ചർ വീണ്ടും ലിറ്റിൽ ഫ്ളവർ സ്കൂളിന്റെ പടി കടന്നെത്തി .തന്റെ ബാഗിൽ സൂക്ഷിച്ചിട്ടുള്ള നാലു ആധാരങ്ങൾ നാലു കുടുംബങ്ങൾക്ക് താങ്ങായി നൽകി. ചേരാനല്ലൂരിലും കോട്ടുവള്ളിയിലും ആലങ്ങാട്ടുമുള്ള നാലു കുടുംബങ്ങൾക്ക് ഇനി സ്വന്തം മണ്ണിൽ തല ചായ്ക്കാൻ ഒരിടമുണ്ടാക്കാൻ ഉള്ള പ്രതീക്ഷയുടെ ആധാരങ്ങൾ ആണ് ടീച്ചർ സ്കൂളിൽ വെച്ചു അർഹരായവർക്ക് നൽകിയത്. താൻ പഠിപ്പിച്ചിരുന്ന സ്കൂളുകളിലെ ദുരിതമനുഭവിച്ചിരുന്ന കുട്ടികൾക്ക് കൈത്താങ്ങ് ആയിരുന്ന ടീച്ചർ റിട്ടയേർമെന്റ് നു ശേഷവും ദാനധർമത്തിന്റെ വഴിയേ നടക്കുന്നു. ശ്രീമതി റെറ്റി ടീച്ചർ ഇടപ്പള്ളി എം.എ.ജെ ആശുപത്രിക്ക് സമീപം ചോലക്കേരി വീട്ടിൽ, ഭർത്താവിനും മക്കളായ നിലീന, നീരജാ, നിരഞ്ജന എന്നിവർക്കൊപ്പം താമസിക്കുന്നു. ഭർത്താവ് സാജു ചോലെക്കേരി സെന്റ് തെരേസ യൂണിറ്റിൽ നിന്നുമുള്ള ഇടപ്പള്ളി പള്ളി സെൻട്രൽ കമ്മിറ്റി അംഗമാണ്. ഇനിയും പ്രവർത്തിയിലൂടെ ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കാൻ ടീച്ചർക്ക് സാധിക്കട്ടെ. ആശംസകൾ.

✝

# സ്നേഹസ്മരണയ്ക്ക്



ഫിലോമിന
കല്ലുങ്കൽ



എസ്തപ്പാനോസ്
കല്ലുങ്കൽ



റാണി ബോബൻ
കല്ലുങ്കൽ

50th Wedding Anniversary

18.01.2023



# സുബാഷ് ജോർജ് & ലീലാമ്മ സുബാഷ്

## ആലക്കളത്തിൽ

ദൈവകൃപയുടെയും പരിപാലനയുടെയും 50 വർഷങ്ങൾക്ക്
കൃതജ്ഞത അർപ്പിക്കുന്നു.







പ്രദീപ് & ട്രീസ, പ്രമോദ് & എലിസബത്ത്, പ്രതിഭ & ജോബി.

മരിയ, ആരൺ, സിസിലിയ, ജോസഫ്, സെബാസ്റ്റ്യൻ, അന്ന റോസ്, അലക്സ്, ജോസ്, ആന്റണി,
ഫ്രാൻസിസ്, എലിസബത്ത്, ഏഡ്രിയാൻ, ക്ലാര, മരിയ തെരേസ, ഇസബെല്ല, എമിലിയ ട്രീസ.



# ബൈബിളിൽ മൂന്നിന്റെ പ്രാധാന്യം

ക്രൈസ്തവരായ നാം ത്രിത്വത്തിൽ വിശ്വസിക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. ബൈബിളിൽ മൂന്ന് എന്ന സംഖ്യക്ക് പ്രാധാന്യം ഉള്ളതായി കാണുന്നു. ഈശോയും, മാതാവും, യൗസേപ്പിതാവും അടങ്ങിയ തിരുകുടുംബവും ഈ മൂന്നിൽ ഉണ്ട്.

ഈശോയുടെ ജനന സമയത്ത് കിഴക്ക് ദേശത്തു നിന്നും മൂന്ന് പൂജരാജാക്കന്മാർ യേശുവിനെ കണ്ടു കാഴ്ചദ്രവ്യങ്ങൾ അർപ്പിക്കുകയുണ്ടായി. തന്റെ ഇളയമ്മയായ ഏലീശ്വയെ സന്ദർശിച്ച് മാതാവ് മൂന്ന് മാസത്തോളം ശുശ്രൂഷ ചെയ്തതായി കാണുന്നു. പന്ത്രണ്ട് വയസ്സുള്ളപ്പോൾ യേശുവിനെ കാണാതായി. ദേവാലയത്തിൽവച്ച് വേദ ശാസ്ത്രികളുമായി തർക്കിക്കുന്ന യേശുവിനെയാണ് മൂന്നാം നാൾ കണ്ടെത്തിയത്.

അതുപോലെ പ്രധാന മാലാഖമാർ മൂന്ന് ആണ്. ഗബ്രിയേൽ, മിഖായേൽ, റഫായേൽ എന്നിവർ ദൈവ സന്നിധിയിൽ നിൽക്കുന്നവരാണ്.

യേശുവിന്റെ ശിഷ്യനായ പത്രോസിനോട് യേശു പറയുന്നുണ്ട്. കോഴി കൂവുന്നതിനു മുമ്പ് മൂന്ന് പ്രാവശ്യം നീ എന്നെ തള്ളി പറയുമെന്ന്. അത് സംഭവിക്കുകയും ചെയ്തു.

ഈശോ കുരിശുമായി കാൽവരിയിൽ മൂന്ന് പ്രാവശ്യം വീഴുന്നുമുണ്ട്. മൂന്ന് ആണികളാൽ നമ്മുടെ രക്ഷകൻ നമ്മൾക്ക് വേണ്ടി കുരിശിൽ തറക്കപ്പെട്ടു. മൂന്നു മണി നേരത്താണ് യേശു മരിച്ചതും (33-ാം വയസ്സിൽ) മൂന്നാം നാൾ യേശു ഉയിർത്തു. യേശുവിന്റെ ജനനം, മരണം, ഉത്ഥാനം എന്നീ മൂന്ന് ഘട്ടങ്ങളിലൂടെയാണ് രക്ഷാകര ദൗത്യം പൂർത്തിയായത്. ക്രൈസ്തവർ വളരെ പ്രധാന്യത്തോടെ ഇവ ആചരിക്കുന്നു.

പഴയനിയമത്തിൽ യോനാപ്രവാചകൻ മൂന്ന് നാൾ മത്സ്യത്തിനുള്ളിൽ കഴിഞ്ഞിരുന്നതായി കാണുന്നു.

യേശു നമ്മൾക്ക് മൂന്ന് വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. ഒന്ന് പരിശുദ്ധാത്മാവിനെ അയക്കുമെന്നു, രണ്ട് - കർത്താവ് മടങ്ങിവരുമെന്ന്, മൂന്ന് - നിത്യ ജീവൻ ലഭിക്കുമെന്ന്.

നമ്മൾ മനുഷ്യർ സമരസഭയിൽ മല്ലടിച്ചുകഴിയുന്നു. ഇനി സഹനസഭയിൽ (ശുദ്ധീകരണസ്ഥലം) കഴിഞ്ഞിട്ട് വേണം വിജയസഭ (സ്വർഗ്ഗം)യിലെത്താൻ... യേശുവിനോടൊത്ത് കഴിയാൻ...

**ജോർജ്ജ് കല്ലൂർ**
ലിറ്റിൽ ഫ്ളവർ ഫാമിലിയൂണിറ്റ്
9447573407

**ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഫാമിലി യൂണിറ്റിൽ വായിക്കേണ്ട ബൈബിൾ ഭാഗം:**
**ജനുവരി മത്തായി 10:26 – 33, ഫെബ്രുവരി മത്തായി 9:14 – 17**
**മാർച്ച് ലൂക്കാ 2: 41 – 52**



# മനുഷ്യനോ?

ഇവിടെയാണ് മാറ്റത്തിൻ പ്രസക്തി ചർച്ച ആരംഭി ക്കുന്നത്. നവീകരിക്കുന്നത് നല്ലതു തന്നെ. അത് പുറം മാത്രം മതിയോ? അകവും വേണ്ടതല്ലെയെന്ന ചോദ്യ ത്തിന് ഉത്തരം സ്വയം മാത്രമേ പറയാനാവൂ.

"അഹം" ഭാവത്തിൽ നേർത്തൊരു പാട നമ്മളും ആവരണമാക്കിയിട്ടില്ലെ? അഹമാകുന്ന തൂവലുകൾ കൊഴിച്ചു കളഞ്ഞാൽ, ആദിമാതാപിതാക്കൾക്കുണ്ടാ യതു പോലൊരു ലജ്ജ,നമുക്കും ഉണ്ടാവില്ലേ? ദൈവ തിരുമനസ്സിൽ തെളിഞ്ഞു നിൽക്കാൻ ഒരു ഭയം തോന്നില്ലെ?

മഹാപിറവിയുടെ ജ്ഞാനോദയം ബേത്‌ലഹേമി ലാണ് പിറന്നതെങ്കിലും ലോകത്തിലെ സകല ജനത്തി നുമുള്ള വെളിച്ചമല്ലേ അത്. അതെ പരംപൊരുളിന്റെ വെളിച്ചം നമുക്കു വഴികാട്ടി ആകുന്നുണ്ടോ? ചിന്തിക്കാം...

ശാന്തി - ശാന്തി - ശാന്തി....

അതു നമ്മുടെ ഉൾമനസ്സിന് കിടക്കുന്നുണ്ടോയെന്ന്, ചൂഴ്ന്നു നോക്കാം. ഇല്ലെങ്കിൽ എന്തോ പന്തികേടു ണ്ടെന്ന് ഉറപ്പിക്കാം. നാം പറയുന്നത് ദൈവം അനുസരി ക്കണമെന്ന വാശിയോടെയാണോ പ്രാർത്ഥനയെന്നത്. അതോ മറ്റു പലരെയുംകാൾ മെച്ചത്തിൽ എന്നെ പരിപാലിക്കുന്നവനോട് നന്ദി പറയുന്നതാണോ നമ്മുടെ പ്രാർത്ഥനയെന്നും നോക്കാം.

ഗാഗുൽത്താബലിക്കായി ജനിച്ചവനവൻ, ജീവിത മാകുന്ന വഴിയമ്പലത്തിൽ ആദ്യ അലസനെപ്പോ ലെയും, അവസാന മൂന്നുവർഷം മാജിക്കുകാരനെ പ്പോലെയും ഏറ്റവും അവസാന മണിക്കൂറുകളിൽ ധീരതയോടെ കഴുമരത്തിലേക്ക് സധൈര്യം നടന്ന ടുത്ത് സാഹസികനായും നമുക്കു കാണാം.

ഇപ്പോൾ ജീവിതയാത്ര നടത്തിക്കൊണ്ടിരിക്കുന്ന നമ്മുടെ ലക്ഷ്യവും, ധീരതയും, സഹനങ്ങൾ വരുമ്പോ ഴുള്ള മനോഭാവുമെല്ലാം ഇതുമായി എത്രചേർത്തു വായിക്കാം. നിഴൽപോലുമില്ലാതെ ഒപ്പം നടക്കുന്ന മരണമെന്ന കൂട്ടുകാരനോട് നാം സല്ലപിക്കാറുണ്ടോ. പിറവിത്തിരുന്നാളിന് കാരണമായവൻ എപ്പോഴും മര ണത്തോട് സല്ലപിച്ചിരുന്നു. എന്നാണല്ലോ ബൈബിൾ പറയുന്നത്.

പുത്തൻവർഷം പിറക്കുമ്പോൾ മനസ്സുകൊണ്ട് നമുക്കു പറയാം 'Happy New Year'. പുഴയെയും കടലി നെയും, കാറ്റിനെയും പോൽ നമുക്കും മോശമായ തിനെ ഒഴുക്കിക്കളയാം പുതുമയുള്ള നന്മകളെ സ്വീക രിക്കാം. അഹംഭാവത്തിൻ തൂവലുകൾ കൊഴിച്ചു കളഞ്ഞ് ഒപ്പം പൊങ്ങച്ചത്തിൻ മൂടുപടം മാറ്റാം.

യാഥാർത്ഥ്യം എന്താണോ അതല്ലെ ഈശ്വരീയഭാവം. ദൈവഛായയിലാണ് നമ്മെ സൃഷ്ടിച്ചതെന്ന് അവകാ ശപ്പെടുമ്പോൾ അതേ യാഥാർത്ഥ്യത്തിലേക്ക് നാം തിരിച്ചു സഞ്ചരിക്കേണ്ടതല്ലെ?

**വർഗീസ് കളപ്പുര**

സെന്റ് ഫ്രാൻസീസ് അസ്സീസ്സി ഫാമിലി യൂണിറ്റ്

# Jesus MY SAVIOUR

Trees are many, but the grove is one
Branches are many, but the tree is one
The family is one, but members are so many.
When we pass the tireless thirties and the fiery forties,
the forceful fifties and the serious sixty's comes.
At this stage of life, everybody craves for a world of peace and comfort
But reality of life is something different
Everything does not go through the track which we move to
As we grow older, we try to pardon the hard faces around us,
But at times it is very heart breaking when the younger generation points finger at you
for no reason due to their fire and ferocious nature;
They may be the loved and dear ones to you, an ideal figure to you.
In the darkness of misunderstanding and ego
we feel like a candle burning for others.
Short life is worthy than living a century
The sleepless nights and despair never count
Fight with ourselves to face the reality, it may be difficult, but it is possible
Because the female strength in ourselves is the backbone of our family
Never Give up in deep despair because someone is near you
Who never lets you down, whispers that I am with you,
Your friend and Saviour -Jesus.



**Prema Thankachan**
St. Mary's Unit



# വികസന പന്ഥാവിലൂടെ...

ആദ്യമായി ഏവർക്കും ക്രിസ്തുമസ്സിന്റേയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ. 2022 പുതുവത്സരാരംഭത്തിൽ ഞങ്ങൾ കൈക്കാരന്മാരായി ചുമതലപ്പെട്ടു. കോവിഡിന്റെ നിയന്ത്രണങ്ങൾ ഏകദേശം കുറഞ്ഞു വന്നുകൊണ്ടിരുന്ന കാലഘട്ടം. പ്രവർത്തനങ്ങൾ കുറച്ചുകൂടി ഊർജ്ജസ്വലമായി നടത്തുവാൻ ലഭിച്ച സാമൂഹ്യാന്തരീക്ഷത്തിന് സർവ്വശക്തനായ ദൈവത്തിന് നന്ദി പറയുന്നു. നാളിതുവരെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞുവെന്ന് അഭിമാനത്തോടുകൂടി പറയട്ടെ.

**1. വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ**

തിരുനാൾ എല്ലാവരുടേയും സഹകരണത്തോടുകൂടി നടത്തപ്പെടുകയുണ്ടായി. നാൽപ്പതു മണിക്കൂർ ആരാധന തിരുനാളിനു മുമ്പായി നടത്തപ്പെട്ടു. കൂടാതെ, പ്രവർത്തന വർഷത്തിൽ പരിശുദ്ധ ജപമാല മാസാചരണം, മരിച്ചവരുടെ ഓർമ്മയാചരണം, തുടർന്നു സ്നേഹവിരുന്ന്, മതബോധനവാർഷികം മുതലായവ ഏറ്റം ഉചിതമായ രീതിയിൽ നടത്തപ്പെട്ടു.

2. പള്ളിയുടെ വരവുചെലവുകൾ ഏറ്റവും സുതാര്യമായ രീതിയിൽ കൈകാര്യം ചെയ്യുവാൻ സാധിച്ചു. തിരുനാൾ വരവു ചെലവ് യഥാക്രമം 1.90 കോടി രൂപയും, 1.26 കോടിരൂപയുമായിരുന്നു. ബാങ്ക് കടബാധ്യത 16.55 കോടിയിൽനിന്ന് 12.44 കോടിയായി കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞു. ദാനധർമ്മങ്ങൾക്കായി കഴിഞ്ഞപത്തുമാസത്തിനുള്ളിൽ 53.56 ലക്ഷം ചെലവഴിച്ചു. ഈ തുക പാവപ്പെട്ടവരുടെ ചികിത്സ, വിവാഹം, ഭവന അറ്റകുറ്റപണികൾ, പള്ളികൾക്കു മറ്റു ധർമ്മസ്ഥാപനങ്ങൾക്കുമുള്ള സഹായം എന്നിവയിൽപ്പെടുന്നു. എൽ.പി.സ്കൂൾ നിർമ്മാണ ബാദ്ധ്യതകൾ പൂർണ്ണമായും തീർക്കുവാൻ സാധിച്ചു.

3.എൽപി സ്കൂൾ പഴയ കെട്ടിടം പൊളിച്ചു നീക്കി, ഭൂമി നിരപ്പാക്കി പയസ്സിലേക്ക് വരുന്ന വാഹനങ്ങൾക്കുള്ള പാർക്കിംഗ്, കെയർടേക്കറുടെ മേൽനോട്ടത്തിൽ അനുവദിച്ചു. കൂടാതെ പ്രസ്തുത ഗ്രൗണ്ടിൽ നിന്നും പയസ്സ്കൂളിലേക്ക് വിദ്യാർത്ഥികൾക്ക് എളുപ്പം കടക്കുവാൻ എൽപി സ്കൂൾ റോഡിൽ ഒരു പുതിയ ഗേറ്റ് പണിതു. മതബോധന വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനും പയസ്സ്കൂളിലേക്ക് വേഗം പ്രവേശിക്കുന്നതിനും ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുന്നതാണ്. അതോടൊപ്പം ഇവിടെയുള്ള പാരീഷ്ഹാളിന്റെ അടിയന്തിരമായി വേണ്ട അറ്റകുറ്റപണികളും നടത്തുകയുണ്ടായി.

4. എം. എ ജെ ഹോസ്പിറ്റലിന്റെ പഴയ കെട്ടിടം, കാന്റീൻ എന്നിവ പൊളിച്ചു നീക്കി പ്രവേശന ദർശനം കൂടുതൽ മനോഹരമാക്കി. ഹോസ്പിറ്റലിന്റെ പെയിന്റിംഗ് പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഹോസ് പിറ്റൽ കാന്റീൻ താത്ക്കാലികമായി ഡോക്ടേഴ്സ് ക്വാർട്ടേഴ്സിലേക്ക് മാറ്റുകയും ചെയ്തു.

5. താഴെപ്പറയുന്ന പുതിയ ഡോക്ടർമാർ ഹോസ് പിറ്റിൽ ചാർജ്ജെടുത്തു.
എ) ഡോ. ജോയ് പോൾ എം.ബി.ബി.എസ് എം. എസ് ഓർത്തോ
ബി) ഡോ. ജയൻ എം.ഡി.ഡി.എം ഡിപ്പാർട്ട്മെന്റ് ഓഫ് ഗ്യാസ്ട്രോളോജി

6. എറണാകുളം ലയൺസ് ക്ലബ് 318 സി യുടെ സഹകരണത്തോടെ എം.എ.ജെ. ഹോസ്പിറ്റലിന് 6 ഡയാലിസിസ് യൂണിറ്റുകൾ ലഭിക്കുകയുണ്ടായി. ഓരോ യൂണിറ്റിനും ഏകദേശം 6ലക്ഷം രൂപ വില വരുന്നതാണ്. ലയൺസ് ക്ലബിന്റെ ഈ വിലപ്പെട്ട സഹായം നന്ദിയോടെ ഈയവസരത്തിൽ സ്മരിക്കുന്നു. പുതിയ പള്ളിയുടെ താഴെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

8. സെന്റ്ജോർജ്ജ് ഹൈസ്കൂളിന്റെ പ്ലാറ്റിനം ജൂബിലി പ്രമാണിച്ചും ചെറുപുഷ്പ മിഷൻ ലീഗിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ചും നടത്തിയ ആഘോഷ പരിപാടികൾക്ക് വേണ്ട സഹായ സഹകരണങ്ങളും പള്ളിയിൽ നിന്നും നൽകുകയുണ്ടായി. പള്ളിവക വാടക കെട്ടിടങ്ങൾ പുനക്രമീകരിച്ച് കൃത്യമായി വാടക ഈടാക്കികൊണ്ടിരിക്കുന്നു.

10 നേർച്ച പണം എണ്ണാനും കോഴിലേലം നടത്തുവാനും സഹായിച്ച ഏവരേയും നന്ദിയോടെ ഓർക്കുന്നു. അവരുടെ സേവനങ്ങൾക്ക് കൃതജ്ഞതയർപ്പിക്കുന്നു.

ക്രിസ്തുമസ് - നവവത്സര കാലത്ത് വൈദ്യുതി ദീപാലങ്കാരങ്ങളാൽ ദേവാലയവും പരിസരവും വർണ്ണാഭമായിരുന്നു. ധാരാളം ജനങ്ങൾ പ്രാർത്ഥിക്കാനും ദേവാലയ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാനും കരോൾ ഗാനമത്സരങ്ങളും പുൽക്കൂടും കാണുന്നതിനും എത്തിച്ചേർന്നു. ഈ വർഷത്തെ പുൽക്കൂട് ഭംഗിയായി അണിയിച്ചൊരുക്കിയത് സി.എൽ.സിയാണ് അവർക്ക് പ്രത്യേകമായ അനുമോദനങ്ങൾ നേരുന്നു. ഇടവകയുടെ എല്ലാ പ്രവർത്തനങ്ങൾക്കും സഹകരിച്ച പാരീഷ് കൗൺസിൽ, സെൻട്രൽകമ്മിറ്റി അംഗങ്ങൾക്കും ഇടവക ജനത്തിനും പ്രത്യേകിച്ച് നമ്മുടെ റവ. ബഹു വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ. ഈ ചുരുങ്ങിയ കാലയളവിൽ നടത്തുവാൻ കഴിഞ്ഞ എല്ലാ പ്രവർത്തനങ്ങൾക്കും സർവ്വശക്തനായ ദൈവത്തിന് നന്ദി പറയുന്നു. അതോടൊപ്പം നമ്മുടെ ഇടവക മദ്ധ്യസ്ഥനായ വി. ഗീവർഗ്ഗീസിന്റെ മാദ്ധ്യസ്ഥവും യാചിക്കുന്നു.

ഒരിക്കൽകൂടി ക്രിസ്തുമസ്സിന്റേയും പുതുവത്സരത്തിന്റേയും ആശംസകൾ നേർന്നുകൊണ്ട്,

ജോണി കാഞ്ഞിരപറമ്പിൽ (ട്രസ്റ്റി)
ജോഷി ചിങ്ങംതറ (ട്രസ്റ്റി)




**ലോഗോസ് ബൈബിൾ ക്വിസ് മത്സരത്തിൽ ജീവധാര യൂണിറ്റ് അംഗം ശ്രീമതി ലീമ സിജോ വാലയിൽ എറണാകുളം അങ്കമാലി അതിരൂപത തലത്തിൽ D കാറ്റഗറിയിൽ നാലാം റാങ്ക് കരസ്ഥമാക്കിയിരിക്കുന്നു. അഭിനന്ദനങ്ങൾ.**

# ശാലോം ഫെസ്റ്റിവൽ 2022



ജപമാലയും ഗാനശുശ്രൂഷയും സ്തുതി ആരാധനയും വചനപ്രഘോഷണവും നടത്തിക്കൊണ്ട് ദൈവാരാധന യുടെ അവിസ്മരണീയമായ അനുഭവം ആയിരത്തിലേറെ വിശ്വാസികൾക്ക് പകർന്നുകൊണ്ട് വീണ്ടുമൊരു ശാലോം ഫെസ്റ്റിവൽ നമ്മുടെ ഇടവകയിൽ 2022 നവംബർ 1-ന് നടക്കുകയുണ്ടായി. ബഹു. വികാരി ഫാ. ആന്റണി മടത്തുംപടി ശാലോം ശുശ്രൂഷകളുടെ പ്രസക്തി കോവിഡ് കാലത്ത് ദൈവജനത്തെ വിശ്വാസത്തിൽ ഒന്നിച്ചുനിർത്തുവാൻ ശാലോം ചെയ്ത ശുശ്രൂകൾ എന്നിവയെപ്പറ്റി തന്റെ ഉത് ഘാടന സന്ദേശത്തിൽ എടുത്തുപറയുകയുണ്ടായി. പ്രശക്ത വചനപ്രഘോഷകനായ ബഹു. ഫാ. ഡാനിയേൽ പൂവണ്ണ ത്തിൽ മുഖ്യവചനപ്രഘോഷണം നടത്തി. ഗാനാപാലനവും ദിവ്യകാരുണ്യ ആരാധനയും സൗഖ്യശുശ്രൂഷ യുമെല്ലാം വിശ്വാസികൾക്ക് വലിയ ആത്മീയ ഉണർവും ദൈവാനുഭവവും പകരുകയുണ്ടായി. നമ്മുടെ ഇടവകയിൽനിന്നും അന്യ ഇടവകകളിൽനിന്നുമായി ആയിരത്തി ഇരുന്നൂറോളംപേർ പങ്കെടുത്തു.

# കുഞ്ഞു വരകൾ



Ryan Paulson Palakkappilly House
സെന്റ് ജോർജ് യൂണിറ്റ്



Den Shibu Perumbally
മേരി റാണി യൂണിറ്റ്

## അറിയിപ്പുകൾ

സഹദാ പാരീഷ് ബുള്ളറ്റിനിലേക്ക് രചനകൾ, സംഘടനകളുടെ റിപ്പോർട്ടുകൾ, കുടുംബയോഗ വിവരങ്ങൾ എന്നിവ നൽകുന്നവർ പഴയ പള്ളിയുടെ വലതുവശത്തായി (വെഞ്ചരിപ്പ് നടക്കുന്ന സ്ഥലത്തിനടുത്ത്) പ്രത്യേക മായി വെച്ചിരിക്കുന്ന സഹദാ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. രചനകൾ, റിപ്പോർട്ടുകൾ എന്നിവ പ്രസി ദ്ധീകരണത്തിന് ഒരു മാസം മുമ്പെങ്കിലും നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുക. ലേഖനങ്ങൾ രണ്ടു പേജിൽ കവി യരുത്.

**ഫുൾ പേജ് (23x18 cm): 2500, ഹാഫ് പേജ്: 1500, ഫ്രണ്ട് പേജ് ഇന്നർ : 6000,**

**ബാക്ക് കവർ: 6000, ബാക്ക് കവർ: 8000, സെന്റർ പേജ് (2 പേജസ്): 7000**

**അക്കൗണ്ട് നമ്പർ: 1184 0100 266069, ഫെഡറൽ ബാങ്ക്**, IFSC Code : FDRL0001184

**പേര് : പാരിഷ് ബുള്ളറ്റിൻ (സഹദ)**

നന്ദി

അഭിനന്ദനങ്ങൾ




ജോണി കാഞ്ഞിരപറമ്പിൽ
(കൈക്കാരൻ)



ജോഷി ചിങ്ങംതറ
(കൈക്കാരൻ)



ജോയി അമ്പാട്ട്
(കൈക്കാരൻ)



ജോർജ് ജേക്കബ് കണ്ണാതറ
(കൈക്കാരൻ)



# സ്നേഹ സ്മരണയ്ക്ക്

## ഫാ. ജോർജ്ജ്
## നേരേവീട്ടിൽ
## ഇടപ്പള്ളി



# സെന്റ് ജോസഫ് മരണാനന്തര സഹായ ഫണ്ടിന്റെ
# 2022-2024 ഭാരവാഹികൾ



ജോയ് ചിങ്ങംത്തറ
പ്രസിഡന്റ്



ജോഷി കോയിക്കര
സെക്രട്ടറി



ജൂഡ് അമ്പാട്ട്
ട്രഷറർ



ജോബി പരവര
വൈസ് പ്രസിഡന്റ്



ജോസ് പത്രോസ് പള്ളിപ്പാടൻ
ജോയിന്റ് സെക്രട്ടറി

## കമ്മിറ്റി അംഗങ്ങൾ



സാജൻ നേരിയംകോട്ട്



ബിജു കല്ലുങ്കൽ



ഡേവിസ് കാട്ടിത്തറ



ഷിബു തായങ്കേരി



സീന വർഗ്ഗീസ് തേയ്ക്കാനത്ത്



ബെറ്റി പോൾ നോട്ടത്ത്



ലിസ്സി വർഗ്ഗീസ് ചോളംകുളം

# ക്രിസ്തുമസ് കരോൾഗാന മത്സരങ്ങൾ



കരോൾഗാന മത്സരം ബഹു. വികാരി ആന്റണി മഠത്തുംപടി ഉദ്ഘാടനം ചെയ്യുന്നു



ബഹു. വികാരിയച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ 38–ാം വാർഷിക ദിനാചരണത്തിൽ സെൻട്രൽ കമ്മറ്റിയുടെ ഉപഹാരം വൈസ് ചെയർമാൻ ആൻണി പരവര വികാരിയച്ചന് നൽകുന്നു.



ഒന്നാം സമ്മാനം
സെന്റ് വിൻസെന്റ് യൂണിറ്റ്



രണ്ടാം സമ്മാനം
സെന്റ് ജൂഡ് യൂണിറ്റ്



മൂന്നാം സമ്മാനം
സെന്റ് ജോൺ യൂണിറ്റ്



മൂന്നാം സമ്മാനം
ജീവധാര യൂണിറ്റ്

## ക്രിസ്തുമസ് പുൽക്കൂട് വിജയികൾ



ഒന്നാം സമ്മാനം
സെന്റ് ജെയിംസ് യൂണിറ്റ്



രണ്ടാം സമ്മാനം
ഹോളി ട്രിനിറ്റി യൂണിറ്റ്



മൂന്നാം സമ്മാനം
ഓശാന യൂണിറ്റ്

## ജപമാല പ്രദർശനമത്സര വിജയികൾ



ഒന്നാം സമ്മാനം
സെന്റ് വിൻസെന്റ് യൂണിറ്റ്



രണ്ടാം സമ്മാനം
സെന്റ് ജോസഫ് യൂണിറ്റ്



മൂന്നാം സമ്മാനം
സഹദ യൂണിറ്റ്

## മതബോധന വാർഷികദിനാചരണം













AJINORAH INSTITUTIONS
Get Set Fly!

# IELTS | OET | CBT

GERMAN | HAAD | DHA | MOH | PTE
BLS | ACLS | PROMETRIC | NCLEX RN
COMMUNICATIVE ENGLISH

## JOB PLACEMENT ASSISTANCE

AUSTRALIA IRELAND UK NEW ZEALAND




LEARNING APP

DOWNLOAD NOW

Google Play | App Store

60,0000+ SUCCESS STORIES

100% RESULT ORIENTED TRAINING

www.ajinorah.com | Call: +91 8888 50 1234

BRANCHES : KERALA | KARNATAKA | TELANGANA | NEW DELHI | KUWAIT | QATAR | SRI LANKA




| ENTRANCE & TUITIONS |
| IELTS & OET
| STUDY ABROAD |
| RECRUITMENT |

www.ajinorah.com
+91 8115 44 99 44

AJINORAH
Get Set Fly!

## 26-ാം ചരമവാർഷികം

12-03-1997



# തങ്കമ്മ ജോസഫ്

**പള്ളിപ്പാടന**

ജ്വലിക്കുന്ന ഓ

സ്നേഹമായി... കരുത്തായ

**പോപ്പുലർ ക**

## 10-ാം ചരമവാർഷികം

03-03-2013



# പി പി ജോസഫ്

ർ, ഇടപ്പള്ളി

ർമ്മകളിലൂടെ...
ി... ഞങ്ങളെ നയിക്കുന്നു.

ാൻഡിൽസ് ഗ്രൂപ്പ്

# സ്നേഹസ്മരണയ്ക്ക്

## മൂന്നാം ചരമ വാർഷികം



## ത്രേസ്യാമ്മ ജോൺ (88)
## പുളിക്കാശ്ശേരി

മരണം: 13.02.2020

# പുൽക്കൂട്ടിലൊരു പൊന്നുണ്ണി

**ഗ്രേസി കുര്യാക്കോസ് പാലയ്ക്കാപ്പിള്ളി**
ഹോളി ഏയ്ഞ്ചൽസ് ഫാമിലി യൂണിറ്റ്

പാതിരാവാണല്ലോ മഞ്ഞുപെയ്യുന്നല്ലോ
ബെത്‌ലേഹം നഗരമോ നിദ്രയിലാണല്ലോ
നിദ്രാ വിഹീനരായ് വിജനമാം വീഥിയിലൂടെ
ജോസഫും മേരിയും പ്രത്യാശയോടെ നീങ്ങി

ദാവീദിന്നധീനമാം പുണ്യഭൂമിയിത്
രക്ഷകൻ ജനിക്കേണ്ട ധന്യ ഭൂമി
വിണ്ണിന്റെ പുത്രന് മന്നിലിടം നേടി
അലയുകയാണവർ അശരണരായ്

കൊട്ടാര വാതിലുകൾ കൊട്ടിയടക്കുന്നു
സത്രത്തിൽ പോലും സ്ഥലമില്ലെന്നറിയുന്നു
സ്വന്തക്കാരില്ലാ ബന്ധക്കാരില്ലാ അഭയം എങ്ങും ഇല്ലെന്നറിഞ്ഞു
കണ്മുൻപിൽ കണ്ടൊരു കാലിത്തൊഴുത്തിലെത്തി

ആഗതർക്കാത്മാർത്ഥ വരവേൽപ്പ് നല്കാനായ്
ഗോക്കളും ആദരവോടോതുങ്ങി നിന്നു
കൂരിരുൾ മറ നീക്കി നക്ഷത്ര ദിപങ്ങൾ കൺ തുറക്കവേ
മാലാഖ വൃന്ദങ്ങൾ മന്നിലേക്കെത്തി നോക്കവേ

പൊന്നിന്റെ നിറമോലും പൊന്നുണ്ണി പുൽകൂട്ടിൽ ജാതനായ്
പട്ടു ചേലയില്ല പിന്നെ പൂ മെത്തയുമില്ല
പഴകിയ കീറത്തുണി പിള്ളക്കച്ചയായെങ്കിലും
പൂ മുഖം പകലോനെ വെല്ലും പോൽ വെട്ടിത്തിളങ്ങി

മാതൃസ്പർശനമേറ്റവൻ ആനന്ദ പുളകമണിഞ്ഞു
മൃദു മന്ദസ്മേരം തൂകി അമ്മതൻ ആലിംഗനത്തിലമർന്നു
താതന്റെ ഊഷ്മള നിശ്വാസമേറ്റവൻ
ആശ്വാസത്തോടാനെഞ്ചിൽ ചാഞ്ഞുറങ്ങി

പനിനീർ പൂക്കളെ വെല്ലുന്ന നൈർമല്യം
പൂത്തിരി കത്തുമ്പോൾ പ്രഭായർന്ന പുഞ്ചിരി
ആ ദിവ്യ പൈതലിൻ ജ്വലിക്കുന്ന തേജസ്സിൽ
ആദിത്യ ചന്ദ്രന്മാർ ലജ്ജിച്ചു തല താഴ്ത്തി

വർണ മനോഹര പീലികൾ വിടർത്തി
മയിലുകൾ ആനന്ദ നൃത്തമാടി
കാനനച്ചോലകൾ പളുങ്ക് മണികളുതിർത്തി
നാഥനു കിന്നരം പാടിയോഴുകി

ആട്ടിടയർ ആടിയും പാടിയും ആമോദത്തോടെ
ആ രാജാധിരാജനെ ആരാധിക്കാനെത്തി
ദൈവദൂതന്മാർ കിന്നരം മീട്ടി
ദൈവ കുമാരനെ താരാട്ട് പാടിയുറക്കി

കാലിത്തൊഴുത്തൊരു കനക സിംഹാസനമായ്
താഴ്‌വരയിലാകമാനം താളമേളം
ഹൃതടം ഉന്നതങ്ങളിലേക്കുയർത്തി സ്തുതിച്ചവർ
"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ ദൈവ കൃപ ലഭിച്ചവർക്ക് സമാധാനം"



**മതബോധന മത്സരങ്ങളിലെ ഒന്നാം സമ്മാന വിജയികൾ**



**അലാന ലില്ലി അനിൽ**
കോലോത്തും വീട്ടിൽ
(ക്ലാസ്സ് 5C)



**ആൻ ജോളി പുത്തൻകളം**
(ക്ലാസ്സ് 6B)



**ജോയൽ ജോബി**
കാട്ടുപറമ്പിൽ (ക്ലാസ്സ് 5B)



**പോൾ ഷിബു**
(ക്ലാസ്സ് 7B)


# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

കേരള കരിസ്മാറ്റിക് നവീകരണം, കേരളത്തിലെ 24 സോണുകളിലേയും, പ്രയർ ഗ്രൂപ്പ്, സബ്സോൺ, സോൺ തലത്തിൽ സേവനസമിതികളുടെ പുനഃസംഘടന ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടന്നു. മിനിസ്ട്രികളുടെയും സെൻട്രൽ കമ്മിറ്റികളുടെയും പുനഃസംഘടനയും നടന്നു. കേരള കാരിസ് സർവ്വീസ് ഓഫ് കമ്മ്യൂണിയൻ (കെ.സി.എസ്.സി) യുടെ പുനഃസംഘടന നവംബർ 11,12 തീയതികളിൽ എമ്മാവുസ്സിൽ വെച്ച് നടന്നു. അതിന്റെ കോർഡിനേറ്റർ ആയി ബഹു ജോസഫ് താമരവെളി അച്ചനെ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

എറണാകുളം സോണിന്റെ കോർഡിനേറ്റർ ആയി നമ്മുടെ ഇടവകാംഗവും മതാധ്യാപകനുമായ ശ്രീ ജോസ് തട്ടിലാണ് തെരഞ്ഞെടുക്കപ്പെട്ടത്. എറണാകുളം സോണിന്റെ കപ്പിൾസ് മിനിസ്ട്രിയുടെയും കരിമ മിനിസ്ട്രിയുടെയും കോർഡിനേർസ് ആയി നമ്മുടെ ഇടവകാംഗങ്ങളായ ശ്രീ ജോഷി കണ്ടത്തിൽ, ശ്രീ സുഭാഷ് ജോർജ്ജ് ആലകളത്തിൽ തെരഞ്ഞെടുക്കപ്പെട്ടു. മൂന്നുപേർക്കും അഭിനന്ദനങ്ങൾ അറിയിക്കട്ടെ.

കളമശ്ശേരി സബ് സോണിലെ പ്രയർ ഗ്രൂപ്പുകൾ കോവിഡ് മഹാമാരിമൂലം നിന്നുപോയത് എല്ലാം പുനരാരംഭിച്ചു. പ്രയർ ഗ്രൂപ്പുകൾ ഇല്ലാതിരുന്ന ഇടവകകളിൽ ലൈഫ് ഇൻ ദ സ്പിരിറ്റ് (L.S.S) സെമിനാർ നടത്താനും അതോടെ പ്രയർ ഗ്രൂപ്പുകൾ ആരംഭിക്കാനും ഒരുങ്ങിക്കൊണ്ടിരിക്കുന്നു. 2022 പന്തക്കുസ്താ മുതൽ 2025 പന്തക്കുസ്താവരെയുള്ള 3 വർഷം കേരളസഭ നവീകരണവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. അതുവഴി എല്ലാ കുടുംബങ്ങളും നവീകരിക്കപ്പെടുകയാണ് ലക്ഷ്യം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് എറണാകുളം സോൺ കപ്പിൾസ് മിനിസ്ട്രി, ഡിസംബർ 10-ാം തീയതി ഒരു ദമ്പതികൂട്ടായ്മ. ഇടപ്പള്ളി ടോളിനടുത്തുള്ള വിൽസൻ ആശ്രമദേവാലയത്തിൽ വെച്ച് നടന്നു. സോണൽ ആനിമേറ്റർ ബഹു. ജോസ് പുതിയേടത്തച്ചനും കപ്പിൾസ് മിനിസ്ട്രിയുടെ ആനിമേറ്റർ ബഹു. ടോണിമാളിയേക്കലച്ചനും കെ.സി. എസ്.സി അസിസ്റ്റന്റ് കോർഡിനേറ്റർ ശ്രീ സന്തോഷ് തലച്ചിറയും ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ശ്രീ പവി തെക്കിനേത്ത് ലീന ദമ്പതികളുടെ ഷെയറിംങ് സെക്ഷനും ഉണ്ടായിരുന്നു. സ്തുതി ആരാധന വചന പ്രബോധനും, ഗ്രൂപ്പ് ഷെയറിങ് ദിവ്യബലി അഭിഷേക പ്രാർത്ഥന എന്നീ ശുശ്രൂഷകൾ ഉണ്ടായിരുന്നു. ഉദ്ദേശം അമ്പതോളം ദമ്പതികൾ പങ്കെടുത്തു.

# പിതാവിന്റെ പക്കലേക്ക്



| നം. | വീട്ടുപേര് | പേര് | മരണ തീയതി |
|---|---|---|---|
| 1. | കളരിക്കൽ | ജോസഫ് (ബാബു) | 23.09.2022 |
| 2. | പാലമറ്റത്ത് നെറ്റിക്കാടൻ | ജെയിംസ് | 03.10.2022 |
| 3. | ചിറയത്ത് കോനിക്കര | ഈനാശു (സണ്ണി) | 09.10.2022 |
| 4. | ചിറയത്ത് | ബേബി ജോർജ്ജ് | 24.10.2022 |
| 5. | നേര്യങ്കോട്ട് | ബീന വർഗീസ് | 22.10.2022 |
| 6. | തേയ്ക്കാനത്ത് | അന്നംകുട്ടി | 17.11.2022 |
| 7. | എഴുമാന്തുരുത്തി | സലോമി ജോസഫ് | 19.11.2022 |
| 8. | | റവ.സി. കൊറസീന SABS | 25.11.2022 |
| 9. | തായങ്കേരി | അനിയച്ചൻ | 16.12.2022 |
| 10. | വലിയപാടത്ത് | ഇസ ഫെബി | 21.12.2022 |

## ഫാമിലി യൂണിറ്റ് മീറ്റിംഗുകൾ

**1. കർമ്മല മാതാ**
ജനുവരി 1- വിബിൻ ജോസ് ഒറ്റാലിങ്കര
ഫെബ്രുവരി 1- മാത്യു കടവൻ, കടവിൽ
മാർച്ച് 1 - ഷാജു മാത്തൻ പാണ്ടിശേരിൽ

**2. ഫാത്തിമ മാതാ**
ഫെബ്രുവരി 1 - സെബാസ്റ്റ്യൻ തോട്ടുങ്കൽ

**3. ഹോളി ഫാമിലി**
ഫെബ്രുവരി 2 - ഡേവി പോൾ

**4. ഹോളി ക്രോസ്സ്**
ഫെബ്രുവരി 2- ജോസ് ജോർജ് സ്രാമ്പിക്കൽ
മാർച്ച് 2- ജെയിംസ്. A. A, അറക്കൽ കോലോത്ത്

**5. ഹോളി സ്പിരിറ്റ്**
ജനുവരി 21 വാർഷികം - സണ്ണി സെബാസ്റ്റ്യൻ മച്ചിയാനിക്കൽ
ഫെബ്രുവരി 3 - ജോയ് N.V, ഞാറെക്കാട്ട്
മാർച്ച് 3 - സിബി മാത്യു മുട്ടത്തിൽ

**6. സെന്റ് സേവ്യർ**
ഫെബ്രുവരി 3 - ജിംസ് ചെറുവത്തൂർ മെച്ചേരിൽ
മാർച്ച് 3 - സേവ്യർ മുളോത്ത് പുത്തൻവീട്ടിൽ

**7. ഹോളി ട്രിനിറ്റി**
ജനുവരി 4 - ജെയിംസ് മാത്യു എളംകുനം
ഫെബ്രുവരി 8 വാർഷികം - തോമസ് കണ്ണമ്പുഴ
മാർച്ച് 4 - ജോസ് മാത്യു മരോഴികയിൽ

**8. സെന്റ് ആന്റണി**
ജനുവരി 4 - ജോബ് തുണ്ടിയിൽ
ഫെബ്രുവരി 4 - ജോസ് പൂങ്കുടി
മാർച്ച് 4 - സെബാസ്റ്റ്യൻ മരങ്ങാട്ടിൽ

**9. ഓൾ സെയ്ന്റ്സ്**
ജനുവരി 14 വാർഷികം- കുര്യൻ കച്ചിറമറ്റം
ഫെബ്രുവരി 5 - ജോസ് പൊട്ടക്കൽ
മാർച്ച് 5 - ആലീസ് ജെയിംസ് പട്ടത്തു പറമ്പിൽ

**10. ക്രിസ്തു വിഹാർ**
ജനുവരി 5 - ജേക്കബ് പുഞ്ചായിചിറ
ഫെബ്രുവരി 5 - ജോസ് പള്ളത്ത്
മാർച്ച് 5 - ജേക്കബ് പൈനുതറ

**11. സെന്റ് ജെയിംസ്**
ജനുവരി 9 - ടൈജു ഫ്രാൻസിസ് തച്ചിൽ
ഫെബ്രുവരി 6 - മേരി പോൾ പെട്ട
മാർച്ച് 6 - ടോം വർഗീസ് കാഞ്ഞൂപറമ്പിൽ

**12. ലിറ്റിൽ ഫ്ളവർ**
ജനുവരി 7 - ജോസഫ് ചേലക്കാട്ട്
ഫെബ്രുവരി 6 - അക്കാമ്മ ജോസഫ് കണ്ണാട്ടുമഠം
മാർച്ച് 6 - ദീപു ജോസഫ്, അഞ്ജന ഭവൻ

**13. സെന്റ് വിൻസെന്റ്**
ജനുവരി 7 - തോമസ് പോൾ കണ്ടുകുളം
ഫെബ്രുവരി 7 - ലൗലി ജോസ് പുതുശ്ശേരി
മാർച്ച് 7 - പൗലോസ് കുന്നേൽ വാഴപ്പിള്ളി

**14. സെന്റ് ജൂഡ്**
ജനുവരി 8 - സേവ്യർ പാട്ടത്തിൽ
ഫെബ്രുവരി 8 - ലാൽജോസ് വെച്ചൂർകരോട്ട്
മാർച്ച് 8 - നാൻസി ദേവസ്സി കൈത്തമറ്റം

**15. സെന്റ് സെബാസ്റ്റ്യൻ**
ജനുവരി 2 വാർഷികം - ജോൺസൻ പുത്തൻവീട്ടിൽ
ഫെബ്രുവരി 8 - ജോണിക്കുട്ടി ചൊലങ്കേരി
മാർച്ച് 8 - ഫിലിപ്പ് ജോൺ ആലപ്പാട്ട്

**16. സെന്റ് മൈക്കിൾ**
ജനുവരി 9 - ജോമോൻ കണ്ണമ്പുഴ
ഫെബ്രുവരി 9 - തൊമ്മി തൈപറമ്പിൽ

**17. സെന്റ് ജോസഫ്**
ജനുവരി 10 - ആൻഡ്രൂസ് വെച്ചൂർകരോട്ട്
ഫെബ്രുവരി 10 - ജോർജ് മലമേൽ
മാർച്ച് 10 - ടോം ജോർജ് മാഞ്ഞൂരാൻ

**18. നിത്യ സഹായ മാതാ**
ജനുവരി 11 - ജോണി ചിരിയൻകണ്ടത്ത്
ഫെബ്രുവരി 11 വാർഷികം - ജോയ് കണ്ണമ്പുഴ
മാർച്ച് 11 - ജോൺസൻ പള്ളിപ്പാടൻ

**19. സെന്റ് ജോർജ്**
ജനുവരി 12 - ഐസക്ക് ആഞ്ഞിലിക്കൽ
ഫെബ്രുവരി 12 - ഷൈൻ നേരിയേക്കൽ
മാർച്ച് 12 - ജേക്കബ് പരവര

**20. മേരി റാണി**
ജനുവരി 13 - ആന്റണി നടുലപ്പറമ്പ്
ഫെബ്രുവരി 13 - ജോളി കീഴുപ്പിള്ളി
മാർച്ച് 13 - സിനി കാട്ടിത്തറ

**21. സെക്രെഡ് ഹാർട്ട്**
ജനുവരി 13 - പോൾ തേയ്ക്കാനത്ത്
ഫെബ്രുവരി 13 - റോബിൻ കീഴുപ്പിള്ളി
മാർച്ച് 13 - ആന്റണി നേരിയേക്കൽ

**22. സെന്റ് ജോൺ**
ജനുവരി 14 - സിന്റോ ജോസഫ് കണ്ടത്തിൽ
ഫെബ്രുവരി 14 - സോമൻ വർക്കി കണ്ടത്തിൽ
മാർച്ച് 14 - ജോഷി വർക്കി കണ്ടത്തിൽ

**23. ജോൺ മരിയ വിയാനി**
ജനുവരി 14 - മലമേൽ ഉതുപ്പ് ജോർജ്
ഫെബ്രുവരി 14 - കളത്തിൽ വരീത് ജോൺ
മാർച്ച് 14 - തായങ്കേരി മാത്യു തോമസ്

**24. ജീവധാരാ**
ജനുവരി 16 വാർഷികം - ലിജോ ജോസ് പാലാട്ടി
ഫെബ്രുവരി 15 - തോമസ് മാത്യു കോതംപനാനിയിൽ
മാർച്ച് 15 - ജെൻസൺ പോൾ മാളിയേക്കൽ

**25. ഗീവർഗീസ് സഹദാ**
ജനുവരി 16 - പാണാട്ട് ഉറുമീസ് ചാക്കോ(രാജു)
ഫെബ്രുവരി 16 - മലമ ബേബി പാപ്പച്ചൻ
മാർച്ച് 16 - തായങ്കേരി ഡേവിസ് സോഫിയ

**26. സെന്റ് തോമസ്**
ജനുവരി 16 - ഫ്രാൻസിസ് നിധീരി
ഫെബ്രുവരി 18 വാർഷികം - വർഗീസ് പാണാട്ട്
മാർച്ച് 16 - വർഗീസ് ചെന്നിക്കര

**27. മദർ തെരേസ**
ജനുവരി 17 വാർഷികം - മത്തായി ഇല്ലത്തുകുടി
ഫെബ്രുവരി 17 - ആന്റണി ഔസെപ്പ് വാലിക്കോടത്ത്
മാർച്ച് 17 - ജോസഫ് വർഗീസ് തുണ്ടിപറമ്പിൽ

**28. സെന്റ് തെരേസ**
ജനുവരി 17 - ബെസ്റ്റി തായങ്കേരി
ഫെബ്രുവരി 17 - ജോസഫ് പാലമൂട്ടിൽ
മാർച്ച് 17 - സാജു ചോലങ്കേരി

**29. ഇൻഫെന്റ് ജീസസ്**
ജനുവരി 18 - എബ്രഹാം
(എബി) ജോൺ ഈരാറ്റുപുഴ

**30. വിമല മാതാ**
ജനുവരി 28 വാർഷികം - ആന്റണി പയ്യപ്പിള്ളി

**31. ഹോളി ഏഞ്ചൽസ്**
ജനുവരി 20 - Dr. ആൻ ജോസഫ്
ഫെബ്രുവരി 20 - P.S.റോയ്
മാർച്ച് 20 - റോബി അലക്സ് കുരിശുമൂട്ടിൽ

**32. മരിയ ഗൊരെത്തി**
ജനുവരി 20 - ജോൺ പയ്യപ്പിള്ളി
ഫെബ്രുവരി 20 - ഷിബു കൊച്ചുമറ്റത്തിൽ
മാർച്ച് 20 - A.C.അവറാച്ചൻ, അമ്പാട്ട്

**33. സെന്റ് ഫ്രാൻസിസ് അസ്സിസി**
ജനുവരി 9 - ജോണി മടത്തുംപടി

**34. സെന്റ് പീറ്റർ**
ജനുവരി 25 വാർഷികം - മാർട്ടിൻ കണ്ടത്തിൽ

**35. ഓശാനാ യൂണിറ്റ്**
ജനുവരി 10 - അന്ന വലിയവീട്ടിൽ
ഫെബ്രുവരി 10 - ജോസഫ് പാലമറ്റം
മാർച്ച് 10 - ജോവിൻ ഇലവുങ്കൽ

# ഈശോ



ബെത്‌ലേഹേമിലെ പുൽത്തൊഴുത്തിൽ
ഭൂജാതനായ എൻ ഈശോ
എളിമതൻ വിളനിലമായൊരെൻ ഈശോ
വിനീത ഹൃദയനാം പൊന്നീശോ
സ്നേഹത്തിൻ നിറകുടമാണെന്റെ ഈശോ
സഹനത്തിൽ സുഹൃദമാണീശോ
ആഴക്കടലിൽ മുങ്ങിത്താഴുമ്പോൾ
തോണിയാണെനിക്കെന്റെ ഈശോ
കഷ്ടത കരകവിഞ്ഞൊഴുകുന്ന നേരത്ത്
കൈപിടിച്ചുയർത്തുന്ന ഈശോ
ഹൃദയത്തിൽ നൊമ്പരം ഒപ്പിയെടുക്കുന്ന
ദിവ്യവൈദ്യനാണെന്റെ ഈശോ
കൂടെനടക്കുന്ന ഈശോ എന്നും
കൂട്ടിനിരിക്കുന്ന ഈശോ
കാൽവരി മലയിൽ മൂന്നാണികളിൽ
കുരിശിൽ മരിച്ചെൻ ഈശോ
ഉത്ഥിതനായ എൻ ഈശോയെന്നും
സത്യമായ് ജീവിക്കുമീശോ
ആ നല്ല ഈശോയെ വേദനിപ്പിക്കാതെ
ആ മാറിൽ നമുക്കുറങ്ങാം

**സാലി മാത്യു**
കൈതയ്ക്കൽ, സെന്റ് ആന്റണീസ് കുടുംബയൂണിറ്റ്

# സി.എൽ.സി. വാർത്തകൾ

» ഒക്ടോബർ  മാസം സി.എൽ.സി യുടെ നേതൃത്വത്തിൽ അഖണ്ഡ ജപമാല നടത്തി. ഇതിനു വേണ്ടി ഗൂഗിൾ ഫോം തയ്യാറാക്കുകയും ഇടവകയിലെയും പുറത്തുമായുള്ള ഒരുപാട് ഭക്തരുടെ പങ്കാളിത്തത്തോടെ ഭംഗിയായി പൂർത്തീകരിക്കുകയും ചെയ്തു.

» ഒക്ടോബർ  മാസം പതിനൊന്നാം തിയതി മുതൽ ഇരുപതാം തീയതി വരെ രാത്രി ഏഴര മണിക്ക് പള്ളിയിൽ സി.എൽ.സി യുടെ നേതൃത്വത്തിൽ  ജപമാല ചൊല്ലി. ഒക്ടോബർ 31 ന് പള്ളിയിൽ കൊന്ത സമാപന ദിവസം മുൻവർഷങ്ങളിൽ ചെയ്തിരുന്നത് പോലെ സി.എൽ.സി ഭക്തജനങ്ങൾക്ക് നേർച്ചയായി 1000 പേർക്കുള്ള  പാച്ചോറും കൊന്തയും തയ്യാറാക്കി നൽകി.





» മുൻപ് സി.എൽ.സി ചെയ്തിരുന്നതുപോലെ മാസത്തിൽ ഒരിക്കൽ, 1000 രൂപ ഡയാലിസിസ് ചെയ്യുന്ന പാവപ്പെട്ട രോഗികൾക്ക് സഹായം നൽകുന്നത് തുടരാൻ തീരുമാനിച്ചു.

» സി.എൽ.സി അംഗമായ ലിബിൻ ബോബന്റെ ബന്ധുവും മദർ തെരേസ ഫാമിലി യൂണിറ്റ് അംഗമായ 6 വയസുള്ള കുട്ടിക്ക് സ്റ്റീവൻ ജോൺസൻ സിൻഡ്രം എന്ന ഗുരുതരമായ രോഗവസ്ഥയിൽ ആണെന്ന് അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 10000 രൂപ സി.എൽ.സി യിൽ നിന്ന് സാമ്പത്തിക സഹായം നൽകി.

» നവംബർ 13 ഞായറാഴ്ച ഉച്ചയ്ക്ക് 1990-2000 കാലഘട്ടങ്ങളിൽ സി.എൽ.സി യിൽ ഉണ്ടായിരുന്ന മുതിർന്ന സി.എൽ.സി അംഗങ്ങളുടെ കൂട്ടായ്മ സി.എൽ.സി ഓഫീസിൽ കൂടുകയുണ്ടായി. സി.എൽ.സി ഇടപ്പള്ളി ഡയറക്ടർ ആന്റണി മടത്തുംപടിയച്ചൻ മീറ്റിംഗ് ഉൽഘടനം ചെയുകയും, പ്രൊമോട്ടർ ഫാ. ജോൺ പോൾ അച്ചനും സി.എൽ.സി ഭാരവാഹികളും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുക്കുകയും ചെയ്തു.





» ഡിസംബർ  3-ാം തിയതി, ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് എല്ലാവർഷവും സി.എൽ.സി ഒരുക്കുന്ന നക്ഷത്രം പള്ളിയിൽ തയ്യാറാക്കുകയും പള്ളിക്കു മുൻവശത്തായി സ്ഥാപിക്കുകയും ചെയ്തു.

» ഡിസംബർ 8 തിയതി, സി. എൽ. സി എറണാകുളം അങ്കമാലി അതിരൂപതയുടെ 110-മത് വാർഷികം അങ്കമാലി സുബോധന റീജണൽ പാസ്റ്ററൽ സെൻട്രൽ വച്ച് നടത്തുകയുണ്ടായി.

» ഡിസംബർ 10-ാം തിയതി, ഇടപ്പള്ളി ജൂനിയർ സി.എൽ.സിയും തിരുബാല സഖ്യവും സംയുക്തമായി ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ ക്രിസ്മസ് ആഘോഷ പരിപാടികൾ സി എൽ സി ഒഫീസിൽ വച്ച് നടത്തി. സി.എൽ.സി പ്രൊമോട്ടർ ജോൺപോൾ അച്ചനും ബഹുമാനപ്പെട്ട സിസ്റ്റഴ്സും പരിപാടിയിൽ പങ്കെടുത്ത് ക്രിസ്തുമസ്സിനോട് അനുബന്ധിച്ചുള്ള കേക്ക് മുറിക്കുകയും കരോൾ ഗാനങ്ങൾ ആലപിക്കുകയും ക്രിസ്മസ് സന്ദേശം അറിയിക്കുകയും ചെയ്തു.



» ഡിസംബർ 18-ാം തീയതി, സി.എൽ.സി യുടെ 2022 ലെ സംസ്ഥാന കൗൺസിൽ സി.എൽ.സി ഓഫീസിൽ കൂടിച്ചേരുകയുണ്ടായി. സി.എൽ.സി ഇടപ്പള്ളി പ്രൊമോട്ടർ ജോൺ പോൾ അച്ചന്റെ സാന്നിധ്യത്തിൽ മീറ്റിംഗ് ഭംഗിയായി നടത്തി. സി എൽ സി അതിരൂപത പ്രമോട്ടർ ആന്റോ ചാലിശ്ശേരി അച്ചനും യോഗത്തിൽ പങ്കെടുത്തു.

» ഡിസംബർ മാസം 24-ാം തീയതി, ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് പള്ളിയിൽ സി.എൽ.സി യുടെ നേതൃത്വത്തിൽ ക്രിസ്തുമസ്സ് ക്രിബ് ഒരുക്കി. രാത്രി പാതിരാ കുർബാനയ്ക്ക് മുന്നോടിയായി 10 മണിക്ക് സി.എൽ.സി റൂമിൽ വെച്ച് ഡയറക്ടർ ആന്റണി മടത്തുംപടി വികാരിയച്ചന്റെയും പ്രൊമോട്ടർ ജോൺപോൾ അച്ചന്റെയും സാന്നിധ്യത്തിൽ ക്രിസ്തുമസ്സ് സെലിബ്രേഷൻ ആഘോഷപൂർവം കൊണ്ടാടി.

## ദഫ്മുട്ടിൽ ഇടപ്പള്ളി സെന്റ് ജോർജ് ഹൈസ്കൂളിന് അഭിമാന നിമിഷം.

കോഴിക്കോട് നടന്ന 61 ാ മത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ദഫ്മുട്ടിൽ എ ഗ്രേഡ് കരസ്ഥമാക്കി സെന്റ് ജോർജ് ഹൈസ്കൂൾ ഇടപ്പള്ളി. മികച്ച പ്രകടനം കാഴ്ച വെച്ച കുട്ടികൾക്കും പരിശീലിപ്പിച്ച അധ്യാപകർക്കും അഭിനന്ദനങ്ങൾ.



## പെരുന്നാളുകൾ

**ജനുവരി 22 – വി. സെബസ്ത്യാനോസ്**
**ഫെബ്രുവരി 5 – ഉണ്ണീശോ തിരുനാൾ**
**മാർച്ച് 19 – വി. യൗസെപ്പിതാവ്**

# സ്നേഹ
# സ്മരണയ്ക്ക്

## 1-ാം ചരമവാർഷികം



# അമ്പാട്ട് കുര്യൻ ജോസഫ്

**ജനനം : 22/08/1951 മരണം : 15/01/2022**


ARRIDE
Daycare & Preschool
A centre for Early Childhood Care and Education to explore your child 's Social, Emotional, Physical and Cognitive skills.
ENROLLMENT IS NOW ONGOING!
Contact us @ 8714848363 / 7025148363
Opposite Brahmasthanam Bus Stop, NH-17, Kunnumpuram, Amrita Nagar, Edappally, Eranakulam, Kerala, India,
arrideschool@gmail.com
Made with PosterMyWall.com


ഉണ്ണീശോയുടെ
തിരുനാൾ
ഫെബ്രുവരി 2, 3, 4, 5
വി. സെബസ്ത്യാനോസിന്റെ
തിരുനാൾ
ജനുവരി 22
തിരുനാൾ
ആശംസകൾ

# കുട്ടികളിലെ പഠനവൈകല്യങ്ങൾ എളുപ്പം പരിഹരിക്കാം.



For online **LD** classes **Log on www.inskillz.com**

**പഠനവൈകല്യങ്ങൾ നേരത്തെ തന്നെ തിരിച്ചറിഞ്ഞു വേണ്ട പരിശീലനം നൽകുന്നതിലൂടെ കുട്ടിയെ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടു പോകാനും വിജയത്തിലെത്തിക്കുവാനും സാധിക്കും. ഉയരങ്ങൾ കീഴടക്കാൻ പഠന വൈകല്യം ഇനി തടസ്സമാവില്ല, അതിജീവിക്കാം പഠനവൈകല്യത്തെ. കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക.**

**Helpline : +91 9037310060**

Inskillz Inskillz InskillzIndia

inskillz


FABRIC BLEND
FABRIC BLEND
• HAND WORK
• HOME FURNISHING
• UNIFORMS
• LADIES AND KIDS STITCHING
• RUNNING FABRIC
+91 9164694200
KANNAYATH ROAD, HOUSE NO:51,
PAYYAPILLY HOUSE, MAMANGALAM


Wedding Wishes
CHARLES K MATHEW
Kaithackal (H)
Edappally
JASMINE MATHEW
Anchempil (H)
Changanassery
01/10/2022

ZEPHYR™
The Dream Team in Entrance Coaching
FUTURE ACADEMY
MEDICAL • ENGINEERING • COMMERCE
Light of the Future!

# CUET
Common University Entrance Test

# CRASH BATCHES
LIMITED SEATS

ENROL NOW



ZEPHYR™
The Dream Team in Entrance Coaching
FUTURE ACADEMY
MEDICAL • ENGINEERING • COMMERCE
Light of the Future!

9074 761 464, 0484 2531040

**Head Office**
Kunnumpuram Road, Ayurveda
College Junction, Vanchiyoor,
Thiruvananthapuram, Kerala - 695 001

**Corporate Office:**
Puthussery Building, Near Metro Station,
Pillar No. P559, Deshabhimani Jn.,
Kaloor, Kochi - 17

- Thiruvananthapuram 0471 257 4080
- Kollam 0474 2743 040
- Marthandam 9746 272 773
- Ernakulam 9074 761 464
- Aluva 8137 943 040
- Angamaly 8589 023 760
- Tirur (Malappuram) 8137 933 040
- Thrissur (Opening Shortly) 9961 013 377


Cherry tree
Study Abroad & Foreign Language
www.cherrytreestudyabroad.com
UK | AUSTRALIA
CANADA | IRELAND
NEW ZEALAND | GERMANY
CHERISHING YOUR FUTURE!
Study ABROAD
More Information
8086 698 166 | 9061 566 181
Follow Us:

MUTUAL FUND SIP
ശരിയാണ്

THIRUKOCHI FINANCIAL SERVICES (P) LTD
beyond your imagination

# Grow Your Money With Mutual Fund Investments



**Multiple Products**
Mutual Funds, Life Insurance, Health Insurance, Stocks, Fixed Deposits, Bonds, AIF, Unlisted Equities, Paper Gold, Paper Real Estate.

**Digital Platform**
Let Clients transact in user-friendly, safe and feature rich platform- BSE Star MF

**Physical Support**
360° platform, dedicated RM, 24x7 Customer care



Mutual Fund Distributor

## THIRUKOCHI FINANCIAL SERVICES PVT LTD

web: www.thirukochi.co.in
Cochin: +91 9895704181 / Trivandrum: +91 9895704171 / Kottayam: +91 9895699880

Corporate Office:
Thirukochi Financial Services Pvt Ltd
6th Floor, 6A, Asset Corridor, Near Al Ameen School / Lulu Mall
Edappally, Cochin-682024
Ph: 98956 99880

Disclaimer: Mutual Fund Investments are subject to market risk. Please read the offer document carefully before investing.




SINCE 1993

# Osaka Group

Travel Management Company

## WE SERVE

### GLOBAL AIR TICKETING
- DOMESTIC TICKET SERVICES
- INTERNATIONAL TICKET SERVICES
- HOLDING TICKET SERVICES
- GROUP TICKETS

### FOREIGN EXCHANGE & OTHER
- FOREIGN EXCHANGE ( BUY & SELL )
- TRAVEL FOREX CARD
- STUDENTS FOREX SOLUTIONS
- TELE TRANSFER
- REPATRIATION OF FUNDS

### TOURS & HOLIDAYS
- HOLIDAY PACKAGES
- GROUP TOURS
- FIXED DEPARTURES
- MICE MOVEMENTS
- QURANTINE PACKAGES
- MEDICAL TOURISM
- EURAIL PASSES
- TRANSFERS

### VISA SERVICES
- GLOBAL VISA CONSULTATION
- VISA APPLICATION SUBMISSION
- VISA APPOINTMENT ARRANGEMENTS
- DOCUMENTS PREPARING CONSULTATION
- INTERVIEW GUIDANCE
- FOREIGN PASSPORT
- OCI CARD SERVICES
- INDIAN VISA REGISTRATION & RENEWAL

### INSURANCE SERVICES
- OVERSEAS MEDICAL INSURANCE
- HEALTH INSURANCE
- INSURANCE CLAIM FILING ASSISTANCE

### STUDY ABROAD
- OVERSEAS EDUCATION SERVICES
- COUNSELLING
- CONSULTATION

### PASSPORT SERVICES
- PASSPORT RENEWAL
- NEW PASSPORT SERVICES
- JUMBO PASSPORT
- ADULT PASSPORT
- PASSPORT SURRENDERING
- INFANT & CHILD PASSPORT
- ADD SPOUSE NAME
- POLICE CLEARANCE CERTIFICATE
- CHANGE OF ADDRESS & NAME
- NEW PASSPORT FOR DAMAGED PASSPORT

### MISCELLANEOUS SERVICES
- BUS/TRAIN TICKET BOOKING
- WES ATTESTATION
- DOCUMENTARY EMBASSY ATTESTATION
- ICAS ATTESTATION
- FOREIGN COURIER SERVICES
- HRD,HOME & MEA ATTESTATION & APPOINTMENT
- DOCUMENTS TRANSLATION
- VISA STAMPING ALL MIDDLE EAST COUNTRIES
- PAN CARD SERVICES

### GLOBAL TRAVEL PORTAL
- B2B MODULE
- B2C MODULE
- B2E MODULE
- HOLIDAY BUILDER
- WHITELABEL SOLUTIONS
- FACILITATION FOR STARTUPS
- FACILITATION PROGRAMS FOR TRAVEL AGENCIES

KERALA TOUR MART INDIA PVT. LTD. | Osaka Connect Dot Com Pvt. Ltd. Global Travel Hypermarket | OSAKA EDUCARE

+91 8589 978 777 | +91 9496 411 677

bdm@osakaair.com www.osakaair.com

ANGAMALY | COCHIN | BENGALURU | CHENNAI | MUMBAI | DELHI

# മതബോധന വാർത്തകൾ

**1. മിഷൻ ഞായർ** :

ഒക്ടോബർ 23, മിഷൻ ഞായർ ആയി ആചരിക്കുകയും കുട്ടികൾ യൂണിറ്റ് അടിസ്ഥാനത്തിൽ ഭവനങ്ങൾ സന്ദർശിച്ചു ഉല്പന്നപിരിവ് നടത്തുകയും ചെയ്തു .

**2. എലൈവ് 2022:**

ക്രിസ്തുവിൽ ജീവിക്കാൻ യുവതലമുറയെ ഒരുക്കാൻ വിശ്വാസ പരിശീലനം പൂർത്തിയാക്കുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കായി -എലൈവ് -22 ഒക്ടോബർ 30-ാം തീയതി നമ്മുടെ ഇടവകയിൽ വച്ച് നടത്തപ്പെട്ടു .

**3. അദ്ധ്യാപക ദിനം:**

വിശ്വാസ പരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോട് അനുബന്ധിച്ചു നവംബർ 6ന്, ടീച്ചേർസ് ഡേ ആഘോഷിക്കുകയും ക്ലാസ് ലീഡേഴ്സ് പൂച്ചെണ്ട് നല്കി അദ്ധ്യാപകരെ ആദരിക്കുകയും ചെയ്തു .

**4. Annual Day:**

ഈ വർഷത്തെ വിശ്വാസ പരിശീലന വാർഷികം november 27ന് സമുചിതമായി ആഘോഷിച്ചു . 1മുതൽ 12 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**5. എൻലൈറ്റ് 2022:**

ലൈംഗിക അരാജകത്വം വർദ്ധിച്ചു വരുന്ന കാലഘട്ടത്തിൽ ശരിയായ ലൈംഗിക വിജ്ഞാനവും മൂല്യബോധവും പകരാൻ കളമശേരി സോഷ്യൽ പള്ളിയിൽ വച്ച് നടത്തിയ ഏകദിന ശില്പശാലയിൽ എട്ടാം ക്ലാസ്സിലെ കുട്ടികളും അദ്ധ്യാപകരും പങ്കെടുത്തു.

# ഞങ്ങൾ വരവായി....

| No | വീട്ടുപേര് | മാതാപിതാക്കൾ | കുട്ടിയുടെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| 1. | കുരിശുമൂട്ടിൽ | ജോമെറ്റ് - മേരി | മാത്യു (ജോഹാൻ) | 17.08.2022 | 23.10.2022 |
| 2. | പള്ളിപ്പാടൻ | ഔസേപ്പ് - സൗമ്യ | അന്ന (അഡോണ) | 29.03.2022 | 29.10.2022 |
| 3. | മരങ്ങാട്ടിൽ | ജെറിൻ - മരിയ | എലിസബത്ത് (ഹന്ന) | 07.06.2022 | 19.11.2022 |
| 4. | പള്ളിപ്പാടൻ | ജെയ്സൺ വർഗീസ് - അൻസ | തോമസ് (ഇവാൻ) | 21.07.2022 | 20.11.2022 |
| 5. | പാട്ടത്തിൽ | ജിതിൻ - മീര | ആൻ റോസ് (മെൽ മറിയം) | 01.10.2022 | 26.11.2022 |
| 6. | കല്ലിങ്കൽ | ജേക്കബ് ജോസ് - ലിറ്റോ | തോമസ് (മിഖായേൽ ജേക്കബ്) | 16.08.2021 | 26.12.2022 |
| 7. | മഠത്തിൽ | ജോസ്മോൻ - മീര | ഫിലോ | 21.04.2022 | 29.12.2022 |
| 8. | വടശ്ശേരി | പ്രവീൺ - റിയ | ജോസഫ് (സെയിൻ) | 24.04.2022 | 01.01.2023 |
| 9. | ക്ലാക്കി | ജോസഫ് തോമസ് - ജീന | ജേക്കബ് (ജിസ് ജോസഫ്) | 29.06.2022 | 01.01.2023 |
| 10. | പുത്തൻ പുരയ്ക്കൽ | ജോസ്മോൻ - നിഖിത | ആദം ആന്റണി ജോസ് | 25.10.2022 | 27.11.2022 |
| 11. | പള്ളിപ്പാടൻ | ജാക്സൺ - ജോമോൾ | കത്രീന (ജാൻവിയ) | 15.09.2022 | 17.11.2022 |

# വിമെൻ വെൽഫയർ സർവ്വീസസ്



വിമെൻസ് വെൽഫയർ സർവീസസിന്റെ പ്രതിമാസ യോഗം എല്ലാ രണ്ടാം ശനിയാഴ്ചകളിലും മിനി പാരിഷ് ഹാളിൽ വെച്ചു നടത്തപ്പെടുന്നു. ക്രിസ്മസ് സെലിബ്രേഷനോടുകൂടെ നടത്തിയ യോഗത്തിൽ ഫോറോന ഡയറക്ടർ റവ ഫാ ആന്റണി മടത്തുംപടി കേക്ക് മുറിച്ചു. സംഘടന അംഗങ്ങൾ ക്രിസ്മസ് ഗാനം പാടി. വികാരി അച്ചനും മദറും സിസ്റ്റർ അൻസയും ക്രിസ്മസ് സന്ദേശം നൽകി. നവംബർ 14-ാം തീയതി എല്ലാ വർഷങ്ങളിലെയും പോലെ സംഘടന അംഗങ്ങൾ ഈ വർഷവും ടൂർ പോകുകയുണ്ടായി. സംഘടന അംഗം എൽസി ജോർജ് പള്ളിപ്പാടൻ കൊച്ചി നഗരസഭയിലെ മികച്ച വനിതാ കർഷകയായി തിരഞ്ഞെടുക്കപ്പെട്ടു.

എറണാകുളം അങ്കമാലി അതിരൂപത വിമൻസ് വെൽഫയർ ഇടപ്പള്ളി ഫോറോനാ ഭാരവാഹികളിൽ അനിമേറ്റർ ആയി സിസ്റ്റർ അൻസ പുതുശ്ശേരി , ജോയിന്റ് സെക്രട്ടറി ആയി സ്വപ്ന ഡേവിസ് വാലിക്കോടത്ത് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

പ്രവർത്തനങ്ങൾ:

1. സംഘടന അംഗങ്ങൾ എല്ലാ ഞായറാഴ്ചകളിലും സ്തോത്ര കാഴ്ച എടുത്ത് വരുന്നു.

2. എല്ലാ മാസങ്ങളിലും നേർച്ച കഞ്ഞി വിതരണം ചെയ്യുന്നു.

3. സന്മനസ്സുള്ള സംഘടന അംഗങ്ങളിൽ നിന്നും പിരിച്ചു കിട്ടിയ തുകയും ഓണത്തിനോട് അനുബന്ധിച്ചു പായസം വിറ്റു ലാഭമായി ലഭിച്ച മുഴുവൻ തുകയും ചേർത്ത് 35000 രൂപ ആര്യനന്ദ എന്ന കുട്ടിയുടെ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കായി നൽകി. ഇത് കൂടാതെ വാഹന അപകടത്തിൽ മരണമടഞ്ഞ സംഘടന അംഗമായിരുന്ന വ്യക്തിയുടെ മകളുടെ പഠന ചിലവിനായി 20000 രൂപയും മറ്റൊരു സംഘടന അംഗത്തിന്റെ കൊച്ചു മകന്റെ ചികിത്സ ചിലവിനായി 10000 രൂപയും നൽകി. സന്മസ്സുള്ള ഒരു സംഘടന അംഗം ഈ കാലയളവിൽ ചികിത്സക്കായി 15000 രൂപയും വിദ്യാഭ്യാസത്തിനായി 7000 രൂപയും വസ്ത്രവും നൽകിയത് എടുത്തു പറയേണ്ടതാണ്.

# യൂദിത്ത് ഫോറം

യൂദിത്ത് ഫോറത്തിന്റെ 5-ാം വാർഷികം 2022 നവംബർ 19-ാം തീയതി രാവിലെ 9 മണിക്ക് വി. കുർബാനയും ആരംഭിച്ചു. സെമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരുന്നു. സഹവികാരി ഫാദർ ജോൺ പോൾ തെറ്റയിൽ ആണ് തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകിയത്. 36 അംഗങ്ങൾ പങ്കെടുത്തു.

രാവിലെ 11 മണിക്ക് ആരംഭിച്ച യോഗത്തിൽ ഡയറക്ടർ റവ. ഫാദർ ആന്റണി മടത്തുംപടി അദ്ധ്യക്ഷനായിരുന്നു. ആനിമേറ്റർ സിസ്റ്റർ ദീപ്തിയും സന്നിഹിതയായിരുന്നു. കോർഡിനേറ്റർ ശ്രീമതി. മേരി ലോനപ്പൻ എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. സെക്രട്ടറി ശ്രീമതി. ഷീല ജോയ് റിപ്പോർട്ട് വായിക്കുകയും പാസാക്കുകയും ചെയ്തു. അതിനുശേഷം വികാരിയച്ചന്റെ അദ്ധ്യക്ഷപ്രസംഗം ഉണ്ടായിരുന്നു. ഭർത്താക്കന്മാർ മരിച്ചതിന്റെ ദു:ഖത്തിൽ വീടുകളിൽ ഒതുങ്ങിയിരിക്കാതെ സ്ത്രീകൾ പുറത്തിറങ്ങി പ്രവൃത്തിക്കാനുള്ള ഊർജ്ജം കൈകൊള്ളുവാനും അങ്ങനെ സ്ത്രീ ശാക്തീകരണം നടപ്പാക്കാനും സാധിക്കണം എന്ന ആഹ്വാനമാണ് നൽകിയത്. പിന്നീട് കൂട്ടായ്മ അംഗങ്ങളുടെ കലാകായിക പരിപാടികൾ ഉണ്ടായിരുന്നു.

ലോഗോസ് ക്വിസ്സിന് 98 മാർക്ക് നേടിയ ശ്രീമതി. ഗ്രേസി കുര്യാക്കോസ് യൂദിത്ത് ഫോറത്തിന്റെ അഭിമാന മാണ്. ലോഗോസ് ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും കലാപരിപാടികളിൽ പങ്കെടുത്തവർക്കും വികാരിയച്ചനും കൊച്ചച്ചന്മാരും ചേർന്ന് സമ്മാനങ്ങൾ നൽകി. അതിനുശേഷം എല്ലാ അംഗങ്ങളും സ്നേഹവിരുന്നിൽ പങ്കെ ടുക്കുകയും 2 മണിയോട് കൂടി യോഗം അവസാനിക്കുകയും ചെയ്തു. കൂട്ടായ്മയിലെ ഒരംഗത്തിന്റെ വീട് പണിയുന്നതിനായി മറ്റു അംഗങ്ങൾ ചേർന്ന് പിരിച്ചെടുത്ത 51000 രൂപ നൽകുകയുണ്ടായി.

2022 ഡിസംബർ 10-ാം തീയതി ശനിയാഴ്ച രാവിലെ മിനി പാരിഷ്ഹാളിൽ ചേർന്ന യോഗത്തിൽ ക്രിസ്തുമസ്സ് ആഘോഷത്തിനായി കൂടിയ പ്രസ്തുത യോഗത്തിൽ വികാരിയച്ചനും സഹവികാരി ജോൺ പോൾ അച്ചനും പങ്കെടുത്തു. ക്രിസ്മസ് സന്ദേശവും നൽകികൊണ്ട് വികാരിയച്ചനും സാന്താക്ലോസും ചേർന്ന് കേക്ക് മുറിച്ച് എല്ലാവർക്കും മധുരം പങ്കിടുകയും ചെയ്തു. ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് ഒരുക്ക മായിട്ടുള്ള ചോദ്യോത്തരവേളയും ഉണ്ടായിരുന്നു. എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേർന്നു കൊള്ളുന്നു.

# ഞങ്ങൾ ഒന്നായി....

| | | |
|---|---|---|
| 1. | 01. 10. 2022 | കൈതയ്ക്കൽ മാത്യു - ലിസി മകൻ സെബാസ്റ്റ്യൻ (ചാൾസ്)<br>ചെത്തിപ്പുഴ S. H. പ. ഇ. അഞ്ചെമ്പിൽ മാത്യു - മോനിക്കാമ്മ മകൾ കാർമ്മൽ ജാസ്മിൻ |
| 2 | 24. 10. 2022 | കല്ലുങ്കൽ ജോസഫ് - മേരി ജോസഫ് (ജോയൽ) ചേവൂർ,<br>സെന്റ് ഫ്രാൻസിസ് സേവ്യർ പ. ഇ. ആലപ്പാടൻ ജോബി - ജോയ്സി മകൾ ട്രീസ (അനു) |
| 3 | 12. 11. 2022 | മലമേൽ ജോർജ് - ചിന്നമ്മ മകൻ ആന്റോ (കിരൺ)<br>കരയാം പറമ്പ്, സെന്റ് ജോസഫ് പ. ഇ. മാവേലി ജോസഫ് - മേരി മകൾ അന്നം (അനില) |
| 4 | 14. 11. 2022 | ആലുങ്കൽ നേരെവീട്ടിൽ ജോസഫ് - ഗ്ലാഡീസ് മകൾ മേഴ്സി (തേജസ്)<br>ചെന്നൈ, മൊഗാപേർ, ഹോളിക്രോസ് പ. ഇ. പെമേല റോണി ജോസഫ് - ജീന മകൻ പ്രവീൺ |
| 5 | 17. 11. 2022 | വാലിക്കോടത്ത് ആന്റണി - ത്രേസ്യാമ്മ മകൻ ജോർജ് (ജോസ്)<br>കോട്ടപ്പുറം, സെന്റ് മൈക്കിൾ പ. ഇ. കാച്ചപ്പിള്ളി മൈക്കിൾ - ബിന്ദു മകൾ ഐശ്വര്യ |
| 6 | 19.11.2022 | ചെന്നിക്കര വർഗീസ് ദേവസി-റോസ് ക്രിസ്റ്റീന മകൾ ക്ലാര (എമിൽ)<br>തൃക്കാക്കര മാനത്തുതുണ്ടിയിൽ ശശിധരൻ-ഷീല മകൻ അഖിൽ കുമാർ |
| 7 | 02.01.2023 | കണ്ണമ്പുഴ സാബു-ആശ മകൻ ജോസഫ്<br>രാജകുമാരി, ദേവമാത മരിയൻ പ. ഇ. കുറ്റിയാങ്കൽ ജോസഫ് അന്നമ്മ മകൾ ആൻ മേരി (അനീഷ) |
| 8 | 23.11.2022 | കളപ്പറമ്പത്ത് പാത്താടൻ ബാബു ആന്റണി-സീന മകൾ സിയോണ<br>തൃശ്ശൂർ ഒ എൽ ഡോളേഴ്സ് പ. ഇ. ചേറ്റുപുഴ എഡ്മണ്ട്<br>പോൾ-ജിനു മകൻ ജോർജ്ജ് എഡ്മണ്ട് |
| 9 | 27.11.2022 | കോട്ടയ്ക്കൽ വർഗീസ്-മേരി സ്റ്റെല്ല മകൻ വർഗീസ് (സ്റ്റെവിൻ)<br>മരട്, സെന്റ് തോമസ് പ. ഇ. കാളിപറമ്പിൽ ജോസഫ്<br>ഫിലോമിന ഷേർളി മകൾ റീത്ത ജെസ്ന |

# മിഷൻ ലീഗ് വാർത്തകൾ

1. ഉണ്ണീശോയ്ക്കുള്ള സമ്മാനം - കുഞ്ഞുടുപ്പ്

പഴയ/ഉപയോഗിച്ച നല്ല വസ്ത്രങ്ങൾ ശേഖരിക്കുകയും അത് വയനാട്ടിലെ ആദിവാസി സമൂഹത്തിലേക്ക് എത്തിക്കുകയും ചെയ്യുന്ന പദ്ധതിക്കു വേണ്ടി ഡ്രോപ്പ് ബോക്സ് പള്ളിയിൽ സ്ഥാപിച്ചു.

ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പാകമാകുന്ന തരത്തിലുള്ള വസ്ത്രങ്ങൾ നൽകി ഇടവക ജനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി.

2. ബഡ്സ് സ്കൂളിലെ മക്കളോടൊപ്പം

കിഴക്കമ്പലം ബഡ്സ് സ്കൂളിലെ കുട്ടികൾക്കായി ദൈനംദിന ഉപയോഗത്തിനായുള്ള സോപ്പ്, പേസ്റ്റ്, ബ്രഷ്, ബാത്റൂം വൃത്തിയാക്കുന്ന സാധനങ്ങൾക്കും മറ്റു നിത്യോപയോഗ വസ്തുക്കൾക്കുമായി ഡ്രോപ്പ് ബോക്സ് സ്ഥാപിച്ചു. ഇതിലേക്കും നല്ലൊരു പങ്കാളിത്തം ഉണ്ടായിരുന്നു.

3. നിർധന രോഗികൾക്ക് ഒരു കൈത്താങ്ങ്

മിഷൻ ലീഗ് സേവന പ്രവർത്തനങ്ങളുടെ ഭാഗമായി ചികിത്സ സഹായത്തിനായി 'CML കേക്ക് ചലഞ്ച്' നടത്തുകയുണ്ടായി. ഇതിൽ നിന്നും കിട്ടുന്ന ലാഭ വിഹിതം പൂർണമായും നിർധന രോഗികൾക്ക് ഒരു കൈത്താങ്ങ് എന്ന പദ്ധതിയിലേക്ക് ചേർത്ത് വെച്ചു.

4. മിഷൻ ലീഗ് അംഗങ്ങളിൽ രോഗങ്ങളാൽ അവശത അനുഭവിക്കുന്നവർക്കായി 50000 രൂപ ചികിത്സ സഹായം നൽകി.

5. ഈ കഴിഞ്ഞ ഒരു വർഷം കുടുംബാംഗങ്ങൾ നഷ്ടമായ മിഷൻ ലീഗ് അംഗങ്ങളുടെ വീടുകളിൽ സംഘടന പ്രതിനിധികൾ സന്ദർശിക്കുകയും കേക്ക് നൽകുകയും ചെയ്തു.

6. കഴിഞ്ഞ 32 വർഷമായി നടത്തി വരുന്ന ക്രിസ്മസ് ഗിഫ്റ്റ് നൈറ്റ് ഈ വർഷവും മനോഹരമായി നടത്തി. 3 ഗോൾഡ് കോയിൻ ഉൾപ്പെടെ 22 സമ്മാനങ്ങളുമായി സ്പോൺസർഷിപ്പിന്റെ സഹായത്തോടെ വിപുലമായി നടത്താൻ സാധിച്ചു.

7. 2023-2024 കാലഘട്ടത്തിലേക്കുള്ള പാരിഷ് കമ്മിറ്റി പ്രതിനിധി ആയി ശ്രീ ജോർജ്കുട്ടി അമ്പാട്ട് സത്യ പ്രതിജ്ഞ ചെയ്തു സ്ഥാനം ഏറ്റെടുത്തു.











# യൂണിറ്റ് വാർഷികങ്ങൾ

## സെന്റ് സെബാസ്റ്റ്യൻ ഫാമിലി യൂണിറ്റ് വാർഷികം

അഭിവന്ദ്യ പിതാവ് ജോസ് പുത്തൻവീട്ടിലിന്റെ മാതൃയൂണിറ്റായ സെന്റ് സെബാസ്റ്റ്യൻ ഫാമിലി യൂണിറ്റിന്റെ വാർഷികാഘോഷങ്ങൾ 2023 ജനവരി 2-ാം തീയതി ശ്രീ ജോൺസൺ പുത്തൻവീട്ടിലിന്റെ ഭവനത്തിൽവച്ച് നടന്നു. അഭിവന്ദ്യ ജോസ് പിതാവ് പരി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഫൊറോനാ വികാരി പെരിയ ബഹു. ആന്റണി മടത്തുംപടി, കൊച്ചച്ചന്മാരായ റവ. ഫാ. സിന്റോ ചീരകത്തിൽ, റവ. ഫാ.ജോൺ പോൾ തെറ്റയിൽ റവ. സി. റീന നെല്ലിക്കുന്നത്ത്, റവ. സി. ടെസ്സി അമ്പലത്തിങ്കൽ എന്നിവർ ചേർന്ന് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വിവിധ കലാപരിപാടികളോടും സ്നേഹവിരുന്നോടുംകൂടെ വാർഷികാഘോഷങ്ങൾ സമംഗളം കൊണ്ടാടുകയുണ്ടായി.





## ലിറ്റിൽ ഫ്ളവർ കുടുംബയൂണിറ്റ് – വാർഷികം (2022 ഒക്ടോബർ 8, ശനിയാഴ്ച)




ലിറ്റിൽ ഫ്ളവർ കുടുംബയൂണിറ്റിന്റെ 28-ാം വാർഷികം 2022 ഒക്ടോബർ 8-ാം തീയതി തോമസ് കാട്ടാംകോട്ടിലിന്റെ ഭവനത്തിൽ 4 മണിക്ക് ജപമാലയോടും, തുടർന്ന് വികാരി ഫാ. ആന്റണി മടത്തുംപടിയുടെ കാർമ്മികത്വത്തിലുള്ള ദിവ്യബലിയോടും കൂടെ ആരംഭിച്ചു. 6 മണിക്ക് പ്രസിഡന്റ് ജോമോൻ മാളിയേക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ വികാരിയച്ചൻ കുടുംബാംഗങ്ങളെ അഭിസംബോധന ചെയ്ത് ഉദ്ഘാടനം നടത്തി. കുടുംബനാഥൻ സ്വാഗതം ആശംസിക്കുകയും, സെക്രട്ടറി ജോൺപോൾ മഞ്ഞളി വാർഷിക റിപ്പോർട്ടും, ട്രഷറർ ഷീല ജേക്കബ് കോട്ടക്കൽ വാർഷിക കണക്കും അവതരിപ്പിച്ചു. ഇടപ്പള്ളി വടക്കുംഭാഗം തിരുഹൃദയ ദേവാലയ വികാരി ഫാ. ജോബി ആലപ്പാട്ട്, ട്രസ്റ്റി ജോണി കാഞ്ഞിരപറമ്പിൽ, സെൻട്രൽ കമ്മിറ്റി വൈസ് ചെയർമാൻ ആന്റണി പരവര, പാരിഷ് കൗൺസിൽ അംഗം ടോമി മാളിയേക്കൽ, സെൻട്രൽ കമ്മിറ്റിയംഗം ജെയിംസ് പുത്തൻപുരയ്ക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

വർഗ്ഗീസ് കറുകപ്പിള്ളിയുടെ മരുമകനായ കൃഷ്ണദാസിന്റെ ചികിൽസാ സഹായത്തിനായി യൂണിറ്റിൽ നിന്നു സമാഹരിച്ച 50,000/- രൂപ കുടുംബാംഗങ്ങൾക്കു വികാരിയച്ചൻ കൈമാറി. യൂണിറ്റ് വാർഷികത്തിൽ പങ്കെടുത്ത 75 വയസ്സിനു മുകളിലുള്ള എ. ജെ. ജോസഫ് അഞ്ജനഭവൻ, ത്രേസ്യാമ്മ ഫ്രാൻസിസ് ആലപ്പാട്ട് എന്നിവരെ പൊന്നാട ചാർത്തിയും, 25-ാം വിവാഹവാർഷികം ആഘോഷിക്കുന്ന പുത്തൻപുരയ്ക്കൽ ജെയിംസ് - ബിന്ദു ദമ്പതികളെ ഉപഹാരങ്ങൾ നൽകിയും ആദരിച്ചു. ആഗസ്റ്റ് മാസത്തിൽ യൂണിറ്റ് നടത്തിയ മെഡിക്കൽ ക്യാമ്പ് നയിച്ച ഡോ. ശ്രീലാൽ (അലോപ്പതി), ഡോ. സുനിൽ കുമാർ (ഹോമിയോ), ഡോ. ബിനോയ് (ആയുർവേദം), ഡോ. സാവിയോ ജോസഫ്, ഡോ. ഷിജ സാവിയോ (ഡന്റൽ) എന്നിവരെയും, കൊച്ചിൻ കോർപ്പറേഷനിൽ മട്ടുപ്പാവ് കൃഷിയിൽ മികച്ച കർഷകനായി തിരഞ്ഞെടുക്കപ്പെട്ട തോമസ് കാട്ടാംകോട്ടിൽ, ലോഗോസ് ക്വിസ്സിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കിയ ജോസി മാളിയേക്കൽ, യൂണിറ്റ് മീറ്റിംഗുകളിൽ ക്ലാസ്സുകൾ നടത്തിയ ജോണി മാളിയേക്കൽ, സുനിത ജോസ് തട്ടിൽ, തോമസ് കാട്ടാംകോട്ടിൽ എന്നിവരെ ഉപഹാരങ്ങൾ നൽകി ആദരിച്ചു. വിദ്യാഭ്യാസത്തിൽ ഉയർന്ന വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു.

തുടർന്ന് കുട്ടികളുടെയും, മുതിർന്നവരുടെയും മികവുറ്റ കലാപരിപാടികൾ നടക്കുകയും, പരിപാടി അവതരിപ്പിച്ച എല്ലാവർക്കും സമ്മാനങ്ങൾ നൽകുകയും ചെയ്തു. യൂണിറ്റ് വാർഷികത്തിൽ സജീവമായി പങ്കെടുത്ത എല്ലാ കുടുംബാംഗങ്ങൾക്കും, ഭാരവാഹികൾക്കും, സർവ്വോപരി നല്ല കാലാവസ്ഥ നൽകി വാർഷികം വിജയപ്രദമാക്കാൻ അനുഗ്രഹിച്ച സർവ്വശക്തനായ ദൈവത്തോടും വൈസ് പ്രസിഡന്റ് പുഷ്പ ജോസഫ് ചേലക്കാട്ട് നന്ദിയർപ്പിച്ചു. സ്വാദിഷ്ഠമായ സ്നേഹവിരുന്നോടുകൂടി 9.30 ന് യോഗനടപടികൾ സമംഗളം അവസാനിച്ചു.

## സെന്റ് ആന്റണീസ് കുടുംബ യൂണിറ്റ് വാർഷികം



യൂണിറ്റിന്റെ 20-ാമത് വാർഷിക ആഘോഷം 2022 നവംബർ മാസം പന്ത്രണ്ടാം തീയതി ജോണി പള്ളിവാതുക്കലിന്റെ വസതിയിൽ ബഹുമാനപ്പെട്ട വികാരി ഫാദർ ആന്റണി മടത്തുംപടി അർപ്പിച്ച വിശുദ്ധ ബലിയോട് കൂടി ആരംഭിച്ചു. തുടർന്ന് പ്രസിഡന്റ് ചാക്കോച്ചൻ നെല്ലിവേലിയുടെ അധ്യക്ഷതയിൽകൂടിയ യോഗത്തിൽ ജോണി പള്ളിവാതുക്കൽ എല്ലാവരെയും സ്വാഗതം ചെയ്തു. സെക്രട്ടറി സണ്ണി പുത്തൻപുരയ്ക്കൽ വാർഷിക റിപ്പോർട്ടും ട്രഷറർ ആന്റണി പുത്തൻവീട്ടിൽ വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. ഫാദർ ആന്റണി മടത്തുംപടി മുഖ്യപ്രഭാഷണം നടത്തി. സെൻട്രൽ കമ്മിറ്റി വൈസ് ചെയർമാൻ ആന്റണി പരവരയും ട്രസ്റ്റി ജോണി കാഞ്ഞിരപ്പറമ്പിലും സിസ്റ്റർ തേജസും ആശംസകൾ നേർന്നു. സഹവികാരിമാരായ ഫാദർ സിന്റോ ചീരകത്തിലും ഫാദർ ജോൺ തെറ്റയിലും ഡീക്കന്മാരും വാർഷിക ആഘോഷത്തിൽ പങ്കെടുത്തു. യൂണിറ്റിലെ ഉന്നത വിജയം നേടിയ കുട്ടികൾക്ക് വികാരിയച്ചനും യൂണിറ്റിന്റെ വിവിധ പരിപാടികളിൽ പങ്കെടുത്തവർക്ക് മദർ സി. സാലിയും സമ്മാനങ്ങൾ വിതരണം ചെയ്തു. വിവാഹത്തിന്റെ ഇരുപത്തഞ്ചാം വാർഷികം ആഘോഷിക്കുന്നവരെ ആദരിച്ചു. സെന്റ് ആന്റണി ഫാമിലി യൂണിറ്റിന്റെ വാർഷികത്തോട് അനുബന്ധിച്ച് നടത്തിയ ചാരിറ്റി പ്രവർത്തനത്തിന്റെ ഭാഗമായി 2 ബി.പി അപ്പാരറ്റസ് കോർപ്പറേഷൻ കൗൺസിലർ ശ്രീമതി ദീപ വർമ്മയ്ക്ക് ബഹുമാനപ്പെട്ട വികാരിയച്ചൻ കൈമാറി. സെൻട്രൽ കമ്മിറ്റി മെമ്പർ വർഗീസ് ഉപ്പൻ എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് വിവിധ ഇന കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## സെന്റ് ജോസഫ്സ് കുടുംബ യൂണിറ്റ് വാർഷികം






സെൻറ് ജോസഫ് യൂണിറ്റിന്റെ വാർഷികാഘോഷം നവംബർ 26 ശനിയാഴ്ച ശ്രീ ജാക്സൺ ചിറമേലിന്റെ ഭവനത്തിൽ നടത്തപ്പെട്ടു. സെന്റ് ജോർജ് ഫൊറോനാ വികാരി പെരിയ ബഹുമാനപ്പെട്ട ആന്റണി മടത്തുംപടി അച്ചന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.. തുടർന്ന് ഈശ്വര പ്രാർത്ഥനയോടെ യൂണിറ്റിന്റെ വാർഷിക പൊതുയോഗം ആരംഭിച്ചു. യൂണിറ്റിൽ നിന്നും മരിച്ചു പോയവരുടെ അനുസ്മരണ പ്രാർത്ഥനയ്ക്കു ശേഷം കുടുംബനാഥൻ ശ്രീ ജാക്സൺ ചിറമേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീ ജോർജ് കാട്ടിത്തറ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട വികാരിയച്ചൻ ആന്റണി മടത്തുംപടി വാർഷികാഘോഷങ്ങളുടെ ലക്ഷ്യങ്ങളെ കുറിച്ചും കൂട്ടായ്മയുടെ പ്രാധാന്യത്തെക്കുറിച്ചും സംസാരിക്കുകയും വാർഷികാഘോഷം മനോഹരമാക്കിയ യൂണിറ്റ് ഭാരവാഹികളെയും ബലിയർപ്പണത്തിനും വാർഷികത്തിനുമായി വീട് മനോഹരമാക്കിയ ജാക്സനെയും കുടുംബത്തെയും അനുമോദി ക്കുകയും ചെയ്തു. തുടർന്ന് അധ്യക്ഷ പ്രസംഗം നടത്തിയ ശ്രീ മാത്യു അമ്പാട്ട് ഒക്ടോബർ മാസത്തിൽ നടത്തിയ കൊന്ത നിർമ്മാണം മത്സരത്തിൽ നമ്മുടെ യൂണിറ്റ് രണ്ടാം സ്ഥാനം കരസ്ഥമാക്കിയതും ഒക്ൾടോബർ 31ന് യൂണിറ്റിന്റെ കൊന്ത മനോഹരമായതും യൂണിറ്റ് ഭാരവാ

ഹികളുടെ കൂട്ടായ പ്രവർത്തനം ഒന്നുകൊണ്ടുമാത്രമാണെന്ന സന്തോഷം പങ്കുവെച്ചു. നാഷണൽ മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റിൽ ഹൈജമ്പിൽ കേരളത്തിനുവേണ്ടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ശ്രീ ജാക്സൺ ചിറമേലിനെയും ലോഗോസ് ക്വിസ് വിജയികളെയും അനുമോദിച്ചു. അതോടൊപ്പം മിഷൻ സൺഡേ ഉല്പന്നപ്പിരിവ് നടത്തിയ കുട്ടികളെയും ഭാരവാഹികളെയും അനുമോദിച്ചു. തുടർന്ന് ബഹുമാനപ്പെട്ട സഹവികാരി ജോൺപോൾ തെറ്റയിൽ, സിസ്റ്റർ ജെയിൻ മേരി എന്നിവർ ആശംസകൾ അർപ്പിച്ചു. വാർഷികത്തോടനുബന്ധിച്ച് നടത്തിയ കായിക മത്സരങ്ങളിൽ വിജയികളായവർക്ക് ട്രോഫികൾ സമ്മാനിച്ചു. ട്രഷറർ ശ്രീ ജൂഡ് അമ്പാട്ട് എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് യൂണിറ്റ് അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. മൺമറഞ്ഞു കൊണ്ടിരിക്കുന്ന കലാരൂപമായ മാർഗ്ഗംകളി യൂണിറ്റിലെ കൊച്ചു മിടുക്കികൾ അവതരിപ്പിച്ചത് ചടങ്ങിന് കൂടുതൽ മിഴിവേകി. സ്നേഹവിരുന്നിനു ശേഷം വാർഷികം സമംഗളം സമാപിച്ചു.

## സെന്റ് പയസ് യൂണിറ്റ് വാർഷികം



സെന്റ് പയസ് ഫാമിലി യൂണിറ്റ് വാർഷികം ബഹുമാനപ്പെട്ട വികാരി ഫാ. ആന്റണി മടത്തുംപടി ഉദ്ഘാടനം ചെയ്യുന്നു.

## സെന്റ് ജോസഫ് മരണാനന്തര സഹായ ഫണ്ട്

**1. വേളാങ്കണ്ണി തീർത്ഥയാത്ര**

പരിശുദ്ധ മാതാവിന്റെ ജപമാല മാസം പ്രമാണിച്ച് 2022 ഒക്ടോബർ 13, 14, 15 തീയതികളിൽ പള്ളിയിൽ നിന്നും വേളാങ്കണ്ണിയിലേയ്ക്ക് തീർത്ഥാടനം സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത തീർത്ഥാടനത്തിൽ 50 പേർ പങ്കെടുത്തു.

**2. മരിച്ചവർക്കായി പ്രാർത്ഥന**

2022 നവംബർ മാസം 26-ാം തീയതി ഞായറാഴ്ച രാവിലെ 7 മണിക്കുള്ള വി. കുർബാനയ്ക്കു ശേഷം സംഘടനയിൽ നിന്നും മരിച്ച അംഗങ്ങൾക്കുവേണ്ടിയും ഇടവകയിൽനിന്നും മരിച്ചു പോയവർക്കായും സിമിത്തേരിയിൽ ഒപ്പീസും തുടർന്ന് കസ്തൂരികൊള്ളലും നടത്തുകയുണ്ടായി. പ്രാർത്ഥന ശുശ്രൂഷകൾക്ക് ബഹു. വികാരി ഫാ. ആന്റണി മടത്തുംപടി നേതൃത്വം നൽകി. പ്രാർത്ഥനയിലും മറ്റു ചടങ്ങുകളിലും വിശ്വാസികളും ഇടവക ജനങ്ങളും പങ്കെടുത്തു.

**3. ക്രിസ്തുമസ്സ്**

കഴിഞ്ഞ വർഷം സംഘടനയിൽനിന്നും മരിച്ചുപോയ അംഗങ്ങളുടെ ഭവനങ്ങളിൽ ക്രിസ്തുമസ്സിന് സംഘടന ഭാരവാഹികൾ നേരിട്ടെത്തി ക്രിസ്തുമസ്സ് കേക്ക് നൽകി. ഏവർക്കും ക്രിസ്തുമസ്സ് ന്യൂയർ ആശംസകൾ നേർന്നുകൊണ്ടുള്ള ബോർഡ് പള്ളിയങ്കണത്തിൽ ഉയർത്തി.



## വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആചരണം

സെന്റ് ജോസഫ് മരണാനന്തര സഹായ ഫണ്ടിന്റെ നേതൃത്വത്തിൽ നമ്മുടെ പള്ളിയിൽ വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആചരണവും നേർച്ചസദ്യയും 2023 മാർച്ച് മാസം 19-ാം തീയതി നടത്തപ്പെടുന്നു. അന്നേദിവസം രാവിലെ 10.15 ആഘോഷമായ ദിവ്യബലിയും തുടർന്ന് നേർച്ചസദ്യയും ഉണ്ടായിരിക്കുന്നതാണ്.

നേർച്ചസദ്യയ്ക്ക് ആവശ്യമായ സാധനങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുവാൻ ആഗ്രഹിക്കുന്നവർ മരണാനന്തര സഹായ ഫണ്ടിന്റെ ഓഫീസുമായോ ബഹു. വികാരിയച്ചനുമായോ ബന്ധപ്പെടേണ്ടതാണ്. നേർച്ചസദ്യ ഒരുക്കുന്നതിന് ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

# "മാതാപിതാക്കളേ ഇതിലേ... ഇതിലേ"

മക്കൾ പത്താം ക്ലാസിലോ, പന്ത്രണ്ടാം ക്ലാസിലോ എത്തിയാൽ പിന്നെ അവരെ ഏത് വിദ്യാഭ്യാസ മേഖലയിലേക്ക് തിരിച്ചുവിടണം എന്ന ആവലാധിയാണ് മാതാപിതാക്കൾക്ക്. അത്തരത്തിലുള്ള അവസരങ്ങളിൽ മാതാപിതാക്കൾ എങ്ങിനെ പ്രവർത്തിക്കണം എന്നതിലേക്കൊരു എത്തിനോട്ടം.

ഒരു കുടുംബത്തിലെ മൂത്തമകൾ പത്താം ക്ലാസിലേക്ക് ജയിച്ചു. എല്ലാ വിഷയങ്ങൾക്കും "A+" വാങ്ങി പാസ്സാകണം എന്ന ആഗ്രഹത്തോടെ മകൾ പഠിത്തം ആരംഭിച്ചു. എന്നും രാവിലെ അഞ്ചുമണിക്ക് തന്നെ എഴുന്നേറ്റ് ഒരുങ്ങി ആറുമണിക്കുള്ള ട്യൂഷന് അപ്പനേയും കൂട്ടി പോകും. ട്യൂഷൻ കഴിഞ്ഞ് ഓടി വീട്ടിൽ വന്ന് പ്രഭാതഭക്ഷണം കഴിച്ചു എന്ന് വരുത്തി 8 മണിക്ക് സ്കൂളിൽ എത്താനായി പുസ്തകകെട്ടുമായി ഓട്ടമാണ്. സ്കൂളിൽ ടീച്ചർമാർ പത്താം ക്ലാസിൽ നല്ല മാർക്കുകൾ വാങ്ങി കുട്ടികളെ ജയിപ്പിക്കാനുള്ള ശ്രമത്തിലാണ്. മിക്ക ദിവസങ്ങളിലും ടെസ്റ്റുപേപ്പറുകളും. മാർക്ക് കിട്ടിക്കഴിയുമ്പോൾ അതിൽ വരുത്തിയ തെറ്റുകൾ തിരുത്തി അടുത്ത പരീക്ഷക്കായി തയ്യാറെടുപ്പിക്കുകയാണ്. ഈ കുട്ടിയും വളരെ അധികം ശ്രദ്ധയോടുകൂടി പാഠങ്ങൾ പഠിച്ചുകൊണ്ട് മുന്നോട്ട് പോവുകയാണ്. വീട്ടിൽ എല്ലാവർക്കും അവളുടെ പഠിക്കാനുള്ള ഉത്സാഹം കണ്ടിട്ട് വളരെ സന്തോഷവും സമാധാനവും ആയിരുന്നു.

ഓണപ്പരീക്ഷ കഴിഞ്ഞ് കുറച്ച് ദിവസത്തേയ്ക്ക് സ്വന്തക്കാരുടെ വീടുകളിലൊക്കെ പോയി എല്ലാവരെയും കണ്ടും കേട്ടും മനസ്സിനൊരു ഉന്മേഷം ഒക്കെ വന്നിട്ട് അടുത്ത പഠനം തുടങ്ങാം എന്നൊക്കെ അവൾ പിതാവിനോട് പറയുമായിരുന്നു. എന്നാൽ പിതാവിന്റെ അഭിപ്രായം മറിച്ചായിരുന്നു. അവധിയ്ക്ക് വീട്ടിൽ തന്നെയിരുന്ന് ക്ഷീണം ഒക്കെ മാറ്റിയാൽ മതി എന്നും വെറുതെ കറങ്ങി നടന്ന് എന്തെങ്കിലും അസുഖം വന്നാൽ പിന്നെ പഠിത്തം ഉഴപ്പിപ്പോകും എന്ന് ഒക്കെ പറഞ്ഞ് അവളെനിരുത്സാഹപ്പെടുത്തുമായിരുന്നു. പിതാവിനോട് മറുത്ത് പറയാൻ കഴിയാത്തത് കൊണ്ട് അവൾ മറുപടി ഒന്നും പറയുമായിരുന്നില്ല.

അവധി കഴിഞ്ഞ് സ്കൂൾ തുറന്ന് വീണ്ടും പഠനം ആരംഭിച്ചു. പക്ഷേ ഈ മകൾക്ക് ആദ്യം ഉണ്ടായിരുന്ന ഉത്സാഹമൊന്നും കണ്ടില്ല. അവൾ എന്തെങ്കിലും സൂത്രം പറഞ്ഞ് ട്യൂഷന് പോകാതെയായി. പരീക്ഷകൾക്ക് മാർക്ക് കുറഞ്ഞു തുടങ്ങി. ഒന്നിനും ഒരു താല്പര്യവും ഇല്ലാതായി. സ്കൂളിൽ നിന്ന് ക്ലാസ് ടീച്ചർ മാതാപിതാക്കളെ വിളിപ്പിച്ചു. അവൾക്ക് എന്താണ് സംഭവിച്ചത് എന്നന്വേഷിച്ചു. ആർക്കും ഒന്നും പറയാനില്ലായിരുന്നു. കാരണം കണ്ടു പിടിക്കാനും കഴിഞ്ഞില്ല. അപ്പനും മകളും കൂടി ഒരു കൗൺസിലിംഗിന് പോകാൻ ടീച്ചർ ഉപദേശിച്ചു. കുട്ടികളെ കൈകാര്യം ചെയ്തുള്ള പരിചയവും കൗൺസിലിംഗിന്റെ രംഗത്തുള്ള ചില അറിവുകളൊക്കെ ഉണ്ടായിരുന്ന അവരുടെ ഒരു ബന്ധുവുമായി എന്റെ അടുത്തേയ്ക്കാണ് അവർ വന്നത്. പിതാവിന് പ്രത്യേകിച്ചു ഒന്നും പറയാൻ ഉണ്ടായിരുന്നില്ല. എന്നാൽ മകളുടെ സംസാരത്തിൽ നിന്നും കാര്യങ്ങൾ വ്യക്തമായി.

പത്താം ക്ലാസ് കഴിഞ്ഞ് ഏത് വിഷയം എടുത്ത് പഠിക്കണം എന്ന് അപ്പനും മകളും ചർച്ച ചെയ്യുമായിരുന്നു. മകൾക്ക് സയൻസ് വിഷയം മാത്രം എടുത്ത് പഠിച്ചാൽ മതി. കണക്ക് പഠിക്കാൻ ബുദ്ധിമുട്ടാണ് എന്നും പറയുമായിരുന്നു. പക്ഷേ പിതാവിന് മകൾ കണക്ക് കൂടി പതിനൊന്നാം ക്ലാസിൽ പഠിക്കണം എന്ന് നിർബന്ധം. പിതാവിനോട് അവൾ താൻ സയൻസ് വിഷയങ്ങൾ മാത്രമേ എടുത്ത് പഠിക്കുന്നുള്ളൂ എന്ന് പലപ്രാവശ്യം പറഞ്ഞു നോക്കി. പക്ഷേ പിതാവ് നിർബന്ധിച്ചു കൊണ്ടേയിരുന്നു. പിതാവിനോട് അധികം എതിർത്ത് പറയാൻ അവൾക്ക് വിഷമം ആയിരുന്നു. ഇത് അവളെ മാനസ്സികമായി വളരെയധികം തളർത്തിക്കളഞ്ഞു. എല്ലാ വിഷമങ്ങളും ഉള്ളിൽ ഒതുക്കി.

പിന്നെ ഞാൻ പിതാവിനോട് മകളുടെ ഇപ്പോഴത്തെ മാനസ്സീകാവസ്ഥയും അത് ഭാവിയിൽ വരുത്താവുന്ന ആപത്തുകളെക്കുറിച്ചും ഒക്കെ പറഞ്ഞ് ബോധവാനാക്കി. മകളുടെ താല്പര്യത്തിന് തടസം നില്ക്കേണ്ട എന്നും അവളുടെ ഇഷ്ടം പോലെ പഠിച്ച് പത്താംക്ലാസ് പരീക്ഷ പാസ്സാകട്ടെ എന്നും പറഞ്ഞു. പരീക്ഷ കഴിഞ്ഞിട്ട് മതി എല്ലാ ചർച്ചകളും എന്നൊക്കെ പറഞ്ഞ് സമാധാനിപ്പിച്ചു വിട്ടു. ഒരു മാസം കഴിഞ്ഞു. മകൾ ഇപ്പോൾ പഴയതുപോലെ തന്നെ ഉത്സാഹവതി ആണെന്നും പഠിത്തം നന്നായി നടക്കുന്നുണ്ട് എന്നും അറിയാൻ കഴിഞ്ഞു. ഒരുമാസംകൂടി കഴിഞ്ഞുപോയി. പിതാവും മകളും വളരെ സന്തോഷത്തിലാണ്. മകൾ നന്നായി പഠിത്തത്തിൽ ശ്രദ്ധിക്കുന്നുണ്ട്. ഇവിടെ എന്താണ് സംഭവിച്ചത്? മകളെ വലിയ നിലയിൽ എത്തിക്കാനായി വളരെ കഷ്ടപ്പെട്ട് ജോലി ചെയ്ത് കുടുംബം പോറ്റുന്ന പിതാവ്. എന്നാൽ മകളുടെ താല്പര്യങ്ങളും ആഗ്രഹങ്ങളും മനസ്സിലാക്കിയില്ല എന്നു മാത്രം. ഇവിടെ മാതാപിതാക്കൾ വളരെയധികം ശ്രദ്ധിക്കേണ്ട ഒന്നാണ് അവരുടെ ആഗ്രഹങ്ങളേക്കാൾ മക്കളുടെ താല്പര്യങ്ങളെ മനസ്സിലാക്കി അവരെ സഹായിച്ച് നിർദേശങ്ങൾ കൊടുത്തും ഒപ്പം നിൽക്കുക.'

**ആനി റോയ്** (ഹോളി ഏഞ്ചൽസ് ഫാമിലി യൂണിറ്റ്)





- Meet & talk with **UK University Delegates**
- Applications open for **May/Sept-23 intakes**
- 2 Years of **Stay Back**
- Fly without **IELTS***
- Budget-friendly **universities**

Scan & Apply

+91 92880 03494

s.india1@ahzassociates.co.uk

www.ahzassociates.co.uk

**Our Office**: Santhi Emerald, Cheruparambath Rd, Oppo. Samsung Service Centre, Kadavanthra

Global Branches: UK Head Office | Kanhangad | Kottayam | Perinthalmanna | Delhi | Hyderabad | China | Nigeria | Romania | Singapore | Nepal | Bangladesh | Sri-Lanka | Pakistan | Morocco | Italy | Portugal | KSA | Kuwait | Libiya




• Exquisite collection of wedding wear including Lachas, Lehengas, Sarees, Cholis, Shararas, Salwars, Gowns, Kurta Sets, Sherwanis, Indo-Westerns, Jackets and more • Exclusive Men's Studio where the bride and groom can shop together and colour-coordinate

**+91 97786 95506 / LuluCelebrate**